## മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പരിപാടി

1(*1) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പരിപാടി (സി.എം.ഇ.ഡി.പി.)-യുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സംരംഭങ്ങൾക്കായി ആകെ എത്ര തുക വായ്പയായി നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) സംരംഭകർക്ക് നൽകിവരുന്ന വായ്പയുടെ നിലവിലെ പലിശ നിരക്കും വായ്പാ പരിധിയും എത്രയാണ്; വായ്പ തിരിച്ചടവ് പരിധി വർധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഇ) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളിൽ എത്ര വനിതാ സംരംഭകർ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(എഫ്) പദ്ധതിയിലൂടെ ഇതിനകം എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്; കൂടുതൽ പേർക്ക് സംരംഭകത്വവും തൊഴിലും ലഭ്യമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ-എഫ്) ഉണ്ട്. മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 19-01-2026 വരെ 3360 വായ്പകൾ അനുവദിച്ചതിലൂടെ 2963 സംരംഭങ്ങൾ കേരളത്തിൽ ആരംഭിച്ചിട്ടുണ്ട്. ഈ സംരംഭങ്ങൾക്കായി ആകെ 1286.96 കോടി രൂപ വായ്പ നൽകിയിട്ടുണ്ട്. പലിശനിരക്കായ 10 ശതമാനത്തിൽനിന്ന് സർക്കാർ സബ്സിഡി 3 ശതമാനവും കെ.എഫ്.സി. റിബേറ്റ് 2 ശതമാനവും കുറച്ച് 5 ശതമാനം നിരക്കിലാണ് വായ്പകൾ നൽകിവരുന്നത്. വായ്പാപരിധി 2 കോടി രൂപയാണ്. നിലവിലെ വായ്പാ കാലാവധി 5 വർഷമാണ്. ഇത് ദീർഘിപ്പിക്കാനുള്ള തീരുമാനം നിലവിൽ കൈക്കൊണ്ടിട്ടില്ല. പദ്ധതിയുടെ ഗുണഭോക്താക്കളിൽ 1374 വനിതാ സംരംഭകർ ഉണ്ട്. പദ്ധതിയിലൂടെ ഇതിനകം 87440 തൊഴിലവസരങ്ങൾ

സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. പദ്ധതി ആരംഭിച്ചതുമുതൽ പലിശ സബ്സിഡി ഇനത്തിൽ 46.60 കോടി രൂപ സർക്കാരും പലിശ കിഴിവിനത്തിൽ (റിബേറ്റ്) 25.81 കോടി രൂപ കെ.എഫ്.സി.-യും ചെലവഴിച്ചിട്ടുണ്ട്.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ യുവാക്കൾക്കും പ്രവാസികൾക്കും വനിതകൾക്കും സ്വന്തമായി സംരംഭങ്ങൾ തുടങ്ങാൻ വലിയ കൈത്താങ്ങാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പരിപാടിയിലൂടെ രൂപപ്പെട്ടിട്ടുള്ളത്. ഇത് നമ്മുടെ വ്യവസായ മേഖലയിൽ വിപ്ലവകരമായ ഒരു മാറ്റം ഉണ്ടാക്കിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പരിപാടി മുഖേന എത്ര സംരംഭങ്ങൾ ഇനിയും ആരംഭിക്കാൻ കഴിയുമെന്ന് കണക്കാക്കിയിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, 500 സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ എന്ന കണക്കിൽ അടുത്ത 5 വർഷത്തിനുള്ളിൽ 2500 സംരംഭങ്ങൾ തുടങ്ങാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. സംരംഭകരെ കൂടാതെ ഓരോ സ്ഥാപനത്തിൽനിന്നും ശരാശരി 5 പേർക്ക് പ്രത്യക്ഷമായും 10 പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കാൻ സാധ്യതയുണ്ട്.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പരിപാടിക്ക് ലഭ്യമായ ദേശീയ അംഗീകാരം എന്താണെന്ന് വിശദമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, പദ്ധതികൾക്ക് സാധാരണഗതിയിൽ നല്ല അംഗീകാരം തന്നെയാണ് ലഭ്യമാകുന്നത്. നമ്മുടെ സംസ്ഥാനത്തെ പൊതുവിഭാഗത്തിൽപ്പെട്ട 50 വയസ്സിൽ താഴെയുള്ള സംരംഭകർക്കും NRK (Non Resident Keralite), പട്ടികജാതി പട്ടികവർഗ വനിതാ വിഭാഗത്തിൽപ്പെട്ട 55 വയസ്സിൽ താഴെയുള്ള സംരംഭകർക്കും വിമുക്തഭടന്മാർക്ക് വയസ്സിന് പരിധിയില്ലാതെയുമാണ് ആനുകൂല്യം ലഭ്യമാകുക. ഇത്തരം ഒരു പദ്ധതി ദേശീയതലത്തിൽത്തന്നെ ശ്രദ്ധിക്കപ്പെട്ടതും നല്ല രീതിയിൽ അംഗീകാരം ലഭ്യമായതുമാണ്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഈ പദ്ധതിയുടെ ചെലവിന്റെ എത്ര ശതമാനം തുക വായ്പയായി അനുവദിക്കും; അതോടൊപ്പംതന്നെ വായ്പയുടെ തിരിച്ചടവ് കാലാവധി എത്രയാണ് എന്നതിനെ സംബന്ധിച്ച് വിശദീകരിക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതിൽ പദ്ധതി ചെലവിന്റെ 90 ശതമാനം തുക വായ്പയായി അനുവദിക്കുന്നതാണ്. 5 വർഷമാണ് വായ്പയുടെ തിരിച്ചടവ് കാലാവധി.

ശ്രീ. ലിന്റോ ജോസഫ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പരിപാടിയുടെ ഭാഗമായി കേരളത്തിൽ ഇതിനോടകംതന്നെ 2963 സംരംഭങ്ങൾ ആരംഭിക്കാൻ കഴിഞ്ഞതും അതിൽ 1374 വനിതാ സംരംഭകർ ഉണ്ട് എന്നതും ഈ പദ്ധതിയുടെ പ്രാധാന്യം എത്രത്തോളമുണ്ടെന്ന് വിളിച്ചോതുന്നതാണ്. ഈ പദ്ധതി കൂടുതൽ വ്യാപിപ്പിച്ച് സബ്സിഡിയിൽ വലിയ കുറവുവരുത്തി, പലിശയിനത്തിൽ കൂടുതൽ കുറവുനൽകി കൂടുതൽ വ്യാപിപ്പിക്കാൻ കഴിയുമോ?

ശ്രീ. പിണറായി വിജയൻ: സർ, പദ്ധതിക്ക് നല്ല പ്രതികരണങ്ങളാണ് ലഭിക്കുന്നത്. അതിന്റെ ഭാവി എങ്ങനെ വികസിപ്പിക്കാൻ കഴിയുമെന്നുള്ളത് നമുക്ക് കാലത്തിന് വിടാം. ഏതായാലും അതിനോടൊന്നും ഒരു നിഷേധാത്മക സമീപനം സർക്കാരിനില്ല.

ശ്രീ. എ. പ്രഭാകരൻ: സർ, ഈ പദ്ധതിയുടെ ആനുകൂല്യം സ്റ്റാർട്ടപ്പുകൾക്കും നൽകുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, സ്റ്റാർട്ടപ്പുകൾക്ക് സഹായം നൽകുന്നുണ്ട്. 51 ടെക്നോളജി ബേസ്ഡ് സ്റ്റാർട്ടപ്പുകൾക്കായി 69 കോടി രൂപ ഇതിനകം നൽകിയിട്ടുണ്ട്. 2026-27-ലേക്കും ഇതേ രീതിയിൽ സഹായം നൽകാനാണ് ഉദ്ദേശിക്കുന്നത്.

**നഗരനയം രൂപീകരണം**

2(*2)ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. എച്ച്. സലാം:
ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്തുവർഷത്തിനുള്ളിലുണ്ടായ പശ്ചാത്തല-സാമൂഹ്യ-സാങ്കേതിക വികസനങ്ങളുടെ ഫലമായി സംസ്ഥാനത്ത് അതിവേഗം നഗരവൽക്കരണം അനിവാര്യമായിരിക്കുന്ന സാഹചര്യം സംജാതമായിരിക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കേരളത്തിന്റെ ഭാവിവികസനം മുന്നിൽക്കണ്ട് രാജ്യത്ത് ആദ്യമായി ഒരു നഗരനയം രൂപീകരിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) നഗരനയം സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാർ കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ,

(എ) ഉണ്ട്. അതിവേഗം നഗരവൽക്കരിക്കപ്പെടുന്ന സംസ്ഥാനമാണ് കേരളം. ഏറ്റവും പുതിയ ജനസംഖ്യാ കണക്കെടുപ്പുകളും ജനസംഖ്യാ പ്രവചനങ്ങളും സംസ്ഥാനം അതിവേഗം നഗരവൽക്കരണത്തിന്റെ പാതയിലാണെന്ന് വ്യക്തമായി സൂചിപ്പിക്കുന്നു. 1991-ലെ സെൻസസ് പ്രകാരം കേരളത്തിലെ നഗര ജനസംഖ്യ 26.44 ശതമാനം മാത്രമായിരുന്നുവെങ്കിൽ വെറും 20 വർഷങ്ങൾക്കുള്ളിൽ (2011-ലെ സെൻസസ് അനുസരിച്ച്) അത് 47.22 ശതമാനമായി ഉയർന്നതായി കണക്കുകൾ വ്യക്തമാക്കുന്നു.

കേരളത്തിലെ സെൻസസ് ടൗണുകളുടെ എണ്ണത്തിലുണ്ടായ വർധനവിലും അതിവേഗം നഗരവൽക്കരണത്തിന്റെ പ്രവണത വ്യക്തമായി കാണാവുന്നതാണ്. 2001-ൽ 159 ആയിരുന്ന സെൻസസ് ടൗണുകളുടെ എണ്ണം 2011-ഓടെ മൂന്നിരട്ടിയിലധികം വർധിച്ച് 520 ആയി. നിലവിൽ കേരളത്തിലെ നഗര ജനസംഖ്യ 60 ശതമാനത്തിലധികമാണ്. പല തരത്തിലുള്ള പ്രവചനങ്ങളുണ്ട്, ചില പ്രവചനങ്ങൾ 2035 ആകുമ്പോൾ നഗര ജനസംഖ്യ 90 ശതമാനമാകുമെന്നും 2051-ഓടെ ഇത് 80 ശതമാനത്തിലേക്ക് എത്തുമെന്ന പ്രവചനവുമുണ്ട്.

(ബി&സി) കേരളത്തിന്റെ നഗരവൽക്കരണ സ്വഭാവവും സങ്കീർണ്ണതയും പ്രശ്നങ്ങളും ഉൾക്കൊണ്ടും കാലാവസ്ഥ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ മനസ്സിലാക്കിയും നമ്മുടെ സംസ്ഥാനത്തിന്റെ വികസന കാഴ്ചപ്പാടിന് അനുസൃതമായും ഹ്രസ്വകാല, ദീർഘകാല ലക്ഷ്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് അടുത്ത 25 വർഷത്തെ വികസനപ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കുന്നതിന് സമഗ്ര നഗരനയം രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിരുന്നു. ഇന്ത്യയിൽ ആദ്യമായാണ് ഒരു സംസ്ഥാനം നഗരനയം ആവിഷ്കരിക്കാൻ മുൻകൈയെടുത്തത്. അത് ഇപ്പോൾ

അവസാനഘട്ടത്തിലാണ്. ഈ സർക്കാർ കാലാവധി പൂർത്തിയാക്കുന്നതിനുമുമ്പ് ഇന്ത്യയിലാദ്യം നഗരനയം ആവിഷ്കരിക്കുന്ന സംസ്ഥാനമായി കേരളം മാറും.

ഇതിനുവേണ്ടി പതിമൂന്നംഗ കേരള നഗരനയ കമ്മീഷൻ രൂപീകരിച്ചു. അക്കാദമിക, രാഷ്ട്രീയ, സാമൂഹിക മേഖലകളിലെ വിദഗ്ധർ ഉൾപ്പെട്ട ഈ കമ്മീഷന്റെ ചെയർമാനായി പ്രവർത്തിച്ചത് ബെൽഫാസ്റ്റിലെ ക്വീൻസ് സർവകലാശാലയിലെ പ്രൊഫസറായ ശ്രീ. എം. സതീഷ് കുമാർ ആണ്. ഇന്ത്യയിലെ ഏറ്റവും പ്രഗത്ഭരായ നഗരാസൂത്രണ വിദഗ്ധർ, നഗരകാര്യ വിദഗ്ധർ എല്ലാമുൾപ്പെട്ട ഡോ. കെ. ടി. രവീന്ദ്രനെപ്പോലെയുള്ള ഇന്ത്യയിലെയും വിദേശത്തെയും ഈ മേഖലയിലെ ഏറ്റവും പ്രമുഖരായ വിദഗ്ധർ ഉൾപ്പെട്ട കമ്മീഷനാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയത്.

രാജ്യത്തെ പ്രധാനപ്പെട്ട 21 അക്കാദമിക സ്ഥാപനങ്ങൾ നടത്തിയ 32 ഹ്രസ്വകാല പഠനങ്ങളുടെയും 50-ലധികം സ്റ്റേക്ക് ഹോൾഡർ കൺസൾട്ടേഷനുകളുടെയും അടിസ്ഥാനത്തിലാണ് റിപ്പോർട്ട് തയ്യാറാക്കിയത്. കേരളത്തിൽ അങ്ങോളമിങ്ങോളം സഞ്ചരിച്ച് ജനപ്രതിനിധികൾ ഉൾപ്പെടെ ഏതാണ്ട് 2500-ലേറെപ്പേരുമായി

ആശയവിനിമയം നടത്തിയുമാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. 2024-ൽ ഒരു ഇടക്കാല റിപ്പോർട്ടും 2025 മാർച്ച് മാസത്തിൽ അന്തിമ റിപ്പോർട്ടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ട്.

കേരള നഗരനയ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ നഗരവൽക്കരണവും സർക്കാരിന്റെ നഗരനയവും വിപുലമായ ചർച്ചയ്ക്ക് വിധേയമാക്കുന്നതിന് കൊച്ചിയിൽ വച്ച് 2025 സെപ്റ്റംബർ 12, 13 തീയതികളിൽ "കേരള അർബൻ കോൺക്ലേവ് 2025" സംഘടിപ്പിച്ചു.

കേരള നഗരനയ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ ഇടക്കാല-ദീർഘകാല ശിപാർശകൾ കോൺക്ലേവിൽ പ്രസ്തുത വിഷയങ്ങളുമായി ബന്ധപ്പെട്ട് നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ സംപുഷ്ടിപ്പെടുത്തി, പ്രാദേശിക സാമ്പത്തിക വികസനം, നവീനമായ നഗര ധനാഗമ മാർഗങ്ങൾ, കാലാവസ്ഥാ വ്യതിയാനം ഉൾച്ചേർന്നതും ശാസ്ത്രീയവുമായ നഗരാസൂത്രണം, ഡാറ്റ അധിഷ്ഠിതവും പ്രൊഫഷണൽ സ്വഭാവമുള്ള നഗരഭരണം, പുതിയ നഗര ഭരണ പങ്കാളിത്ത മാതൃകകൾ തുടങ്ങി വിവിധ വിഷയ മേഖലകൾക്ക്

ഊന്നൽ നൽകിക്കൊണ്ട് നഗരനയം അന്തിമമാക്കി പ്രസിദ്ധപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളിൽ പൊതുവെ കാണുന്നതുപോലെ ഗ്രാമത്തിലുള്ളവർ നഗരത്തിലേക്ക് ചേക്കേറുകയല്ല മറിച്ച് നഗരം ഗ്രാമങ്ങളിലേക്ക് വളരുകയും വികസിക്കുകയും ചെയ്യുന്നതായാണ് നമ്മുടെ സംസ്ഥാനത്ത് കണ്ടുവരുന്നത്. ഇത്തരത്തിൽ സംസ്ഥാനമാകെ നഗരവൽക്കരിക്കപ്പെടുമ്പോൾ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, പാർപ്പിട സൗകര്യങ്ങൾ, ഗതാഗത സൗകര്യങ്ങൾ, മാലിന്യ സംസ്കരണം എന്നിവയുൾപ്പെടെ സജ്ജമാക്കാൻ എന്തെങ്കിലും പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ; അതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. എം. ബി. രാജേഷ്: സർ, ബഹുമാന്യനായ അംഗം കേരളത്തിലെ നഗരവൽക്കരണത്തിന്റെ പ്രത്യേകതയെ ശരിയായി ചൂണ്ടിക്കാണിക്കുകയുണ്ടായി. ലോകത്താകെ നടക്കുന്ന നഗരവൽക്കരണത്തിൽനിന്ന് വ്യത്യസ്തമായിട്ടുള്ളൊരു പ്രവണത കേരളത്തിൽ കാണാം. പൊതുവിൽ നഗരവൽക്കരണമെന്ന് പറയുമ്പോൾ

കാണുന്നത് ഗ്രാമങ്ങളിൽനിന്ന് നഗരങ്ങളിലേക്കുള്ള കുടിയേറ്റമാണ്. എന്നാൽ കേരളത്തിൽ സംഭവിക്കുന്നത് നഗര-ഗ്രാമ അതിർത്തികൾ ഇല്ലാതായിക്കൊണ്ടിരിക്കുന്നുവെന്നതാണ്. എവിടെ ഗ്രാമം അവസാനിക്കുന്നുവെന്നോ എവിടെ നഗരം ആരംഭിക്കുന്നുവെന്നോ നഗരം അവസാനിക്കുന്നുവെന്നോ തിരിച്ചറിയാൻ കഴിയാത്ത തരത്തിലുള്ള നഗരവ്യാപനമാണ് കേരളത്തിന്റെ നഗരവൽക്കരണത്തിന്റെ പ്രത്യേകതയായി നമുക്ക് കാണാവുന്നത്. എല്ലാ വിദഗ്ധരും ഇത് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ലോകത്തിലെ ഏറ്റവും വലിയ നഗരമായി അടുത്ത ഒരു ദശകത്തിനുള്ളിൽ കേരളം മാറുമെന്ന കാര്യത്തിൽ സംശയം വേണ്ട. ലോകത്തിലെ ഏറ്റവും വലിയ നഗരമായി കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ ഒറ്റ നഗരം എന്ന നിലയിലേക്ക് മാറും. ഇപ്പോൾതന്നെ ഒരു നാഷണൽ ഹൈവേയുടെ ഇരുവശത്തുമായി വ്യാപിച്ചുകിടക്കുന്ന ഒരു നഗരമായി കേരളം രൂപപ്പെട്ടുകൊണ്ടിരിക്കുകയാണ്. ആ സാഹചര്യത്തിൽ ബഹുമാന്യനായ അംഗം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഇത് വലിയ വെല്ലുവിളികളോടൊപ്പം വലിയ സാധ്യതകളും അവസരങ്ങളും നൽകുന്നുണ്ട്. അത് രണ്ടും അഭിസംബോധന

ചെയ്യുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സമഗ്രമായ ഒരു നഗരനയം ആവിഷ്കരിക്കാൻ ഈ സർക്കാർ ആലോചിച്ച് ഇന്ത്യയിൽത്തന്നെ ആദ്യമായി അത്തരമൊരു നയത്തിന് മുൻകൈയെടുത്തത്. അദ്ദേഹം ഇവിടെ ചൂണ്ടിക്കാണിച്ച പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്ന്, അർബൻ ട്രാൻസ്പോർട്ടേഷൻ ഒരു പ്രധാനപ്പെട്ട വെല്ലുവിളിയായിത്തീരുമെന്നതാണ്. അവിടെയാണ് അതിവേഗ റെയിൽപ്പാതപോലുള്ള ആശയങ്ങളുടെ പ്രാധാന്യം വരുന്നത്. കേരളത്തിലെ സർക്കാർ എങ്ങനെയാണ് ദീർഘവീക്ഷണത്തോടുകൂടി അടുത്ത ഒരു ഇരുപത്തഞ്ചോ അൻപതോ കൊല്ലത്തെ കേരളത്തെ മുൻകൂട്ടി കണ്ടുകൊണ്ട് പദ്ധതികൾ ആവിഷ്കരിച്ചത് എന്നതിന്റെ ഒരു ഉദാഹരണമാണിത്. അതിവേഗ റെയിൽപ്പാത ആവശ്യമായി വരും. നാഷണൽ ഹൈവേ, മലയോര ഹൈവേ, തീരദേശ ഹൈവേ എന്നിവപോലുള്ള അടിസ്ഥാനസൗകര്യ വികസനം വേണം. നഗരവൽക്കരണത്തിന്റെ പ്രവണതയെ മുൻകൂട്ടി കണ്ടുകൊണ്ടുകൂടിയാണ് സർക്കാർ ഇത്തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്. അദ്ദേഹം പറഞ്ഞ മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം അർബൻ ഹൗസിങ്ങിന്റേതാണ്. നഗരം വ്യാപിക്കുന്ന സമയത്ത് നഗരങ്ങളിൽ സുരക്ഷിതവും

അഫോർഡബിളുമായിട്ടുള്ള ഭവനം ഉറപ്പുവരുത്തുക എന്നത് സർക്കാരിന്റെ മുൻഗണനയാണ്. ഈ സർക്കാരിന്റെ കീഴിൽ നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതി അതിനൊരുദാഹരണമാണ്. ലൈഫ് ഭവന പദ്ധതിക്കുകീഴിൽ കേരളത്തിലാകെ ആറു ലക്ഷത്തിലധികം പേരുമായി കരാറൊപ്പിട്ടുകഴിഞ്ഞു. ഭവന നിർമ്മാണത്തിന്റെ കാര്യത്തിൽ ഫെബ്രുവരി മാസം കേരളം, അഞ്ചുലക്ഷം എന്ന നാഴികക്കല്ല് പിന്നിടാൻ പോകുകയാണ്. ഇത്തരത്തിലുള്ള പദ്ധതികൾ നമ്മൾ നിലവിൽ ആവിഷ്കരിച്ചിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ അത്തരം പദ്ധതികൾ കൂടുതൽ ശക്തിപ്പെടുത്താനുള്ള നടപടികളുണ്ടാകും.

വളരെ പ്രധാനപ്പെട്ട മറ്റൊരു കാര്യം അദ്ദേഹം ഉന്നയിച്ചത് മാലിന്യസംസ്കരണത്തിന്റേതാണ്. നഗരവൽക്കരണം ഉയർത്തുന്ന ഏറ്റവും വലിയ വെല്ലുവിളി മലിനീകരണത്തിന്റെയും ശുചിത്വത്തിന്റെയുമാണ്. ദാവോസിൽ നടന്ന ലോക സാമ്പത്തിക ഫോറത്തിൽ ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രി പങ്കെടുത്തിരുന്നു. അതുസംബന്ധിച്ച് അന്താരാഷ്ട്ര മാധ്യമങ്ങളിലെല്ലാം വന്ന വാർത്തകൾ ചൂണ്ടിക്കാണിക്കുന്നത് ലോക സാമ്പത്തിക ഫോറം ദാവോസിൽ നടന്നപ്പോൾ അവിടെ പ്രധാനമായും

ഉന്നയിക്കപ്പെട്ട ഒരു ആശങ്ക ഇന്ത്യൻ നഗരങ്ങളുടെ മലിനീകരണത്തെക്കുറിച്ചാണ്. ഇന്ത്യയിലെ നഗരങ്ങൾ മലിനീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു; ജീവിതയോഗ്യമല്ലാതായിത്തീരുന്നു. ഡൽഹിയിലെ വായു ഗുണനിലവാര സൂചികയുടെ സ്ഥിതി നമുക്കറിയാം. ഡൽഹി പോലുള്ള മഹാനഗരങ്ങളിൽനിന്നും കേരളത്തിലെ നഗരങ്ങളിലേക്ക് റീലൊക്കേറ്റ് ചെയ്യാൻ ആളുകൾ തയ്യാറാവുന്നതാണ് നമ്മൾ ഇപ്പോൾ കാണുന്നത്. കാരണം ശുദ്ധവായു ലഭിക്കുന്നതും ശുചിത്വമുള്ളതുമായ നഗരങ്ങൾ കേരളത്തിലാണുള്ളത്. നമുക്ക് ഇനിയും ഒരുപാട് ദൂരം അക്കാര്യത്തിൽ മുന്നോട്ടുപോകാനുണ്ട് എന്നതിൽ സംശയമില്ല. അതിന് സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ ഈ സഭയിൽ നേരത്തെ തന്നെ വിശദീകരിച്ചതാണ്. ബ്രഹ്മപുരം മാലിന്യസംസ്കരണം പോലുള്ള ഒരു പ്രതിസന്ധിയെ എങ്ങനെ കൈകാര്യം ചെയ്തുവെന്നത് ഒരു മാതൃകയാണ്. ബ്രഹ്മപുരത്ത് ഈ മാസം അവസാനത്തോടുകൂടി 150 ടണ്ണിന്റെ കംപ്രസ്ഡ് ബയോഗ്യാസ് പ്ലാന്റ് ഉദ്ഘാടനം നടത്തുകയാണ്.

<u>മി. സ്പീക്കർ</u>: പ്ലീസ്...പ്ലീസ്...ഒരു ചോദ്യമേ ആയിട്ടുള്ളൂ. ആ ചോദ്യത്തിന് വളരെ ദീർഘമായ ഉത്തരമാണ്.

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, അദ്ദേഹത്തിന്റേത് വളരെ പ്രസക്തമായൊരു ചോദ്യമായതുകൊണ്ടാണ് ഞാൻ വിശദീകരിക്കുന്നത്.

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: സർ, ഗ്രാമങ്ങളാകെ നഗരവൽക്കരിക്കുന്നതിന്റെ ഭാഗമായി വയോജനങ്ങളും സ്ത്രീകളും പ്രത്യേകിച്ച് സ്ത്രീത്തൊഴിലാളികളും കുട്ടികളും ഏറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു. ഇവർക്കായി നഗരവൽക്കരണ ആസൂത്രണ നയത്തിൽ പ്രത്യേക പരിഗണനയും പദ്ധതികൾ ഉൾപ്പെടുത്തുന്നതിന് പ്രത്യേക ആലോചനയും സർക്കാർ നടത്തുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, നഗരവൽക്കരണം എന്ന പ്രതിഭാസത്തെ നമുക്ക് തടഞ്ഞുനിർത്താനാകില്ല. അതിനെ തടഞ്ഞുനിർത്തുക എന്നതല്ല മറിച്ച് ആസൂത്രിതമായിട്ടുള്ള രീതിയിൽ ശരിയായ ദിശയിലേക്ക് വഴിതിരിച്ചുവിടുക എന്നതാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇൻക്ലൂസീവായ നഗരങ്ങൾ എന്ന കാഴ്ചപ്പാടാണ് സർക്കാർ മുന്നോട്ടുവയ്ക്കുന്നത്. നഗരം ആരുടേത് എന്ന് ചോദിച്ചാൽ എല്ലാവരുടേതും എന്നതാണ് കേരളത്തിന്റെ ബദൽ. ആ ബദലാണ് കേരളം ഉയർത്തിപ്പിടിക്കുന്നത്. അതല്ലാതെ സമ്പന്നർക്കുമാത്രം ഇടമുള്ള നഗരം,

ബാക്കി പാർശ്വവൽക്കരിക്കപ്പെട്ടവരെല്ലാം പ്രാന്തപ്രദേശങ്ങളിലേക്ക് തള്ളിനീക്കപ്പെടുന്ന നഗരം എന്നതല്ല ഈ സർക്കാരിന്റെ കാഴ്ചപ്പാട്. സാമൂഹികനീതിയിലധിഷ്ഠിതമായ വികസനം എന്ന ഒരു ബദൽ സമീപനത്തിന്റെ അടിസ്ഥാനത്തിൽ പ്രായം ചെന്നവർ, വയോജനങ്ങൾ, സ്ത്രീകൾ, ദുർബലവിഭാഗങ്ങൾ എന്നിവർക്കെല്ലാം ജീവിതസൗകര്യങ്ങളും ജീവിക്കാൻ ഇടവും അവരെയെല്ലാം ഉൾക്കൊള്ളുന്ന നഗരം എന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ നഗരനയം ആവിഷ്കരിക്കുന്നത്.

ശ്രീ. പി. നന്ദകുമാർ: സർ, കേരളം ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽനിന്നും തികച്ചും വ്യത്യസ്തമാണ്. ഇക്കഴിഞ്ഞ പത്തുവർഷത്തിനകം വന്ന മാറ്റങ്ങൾ ശ്രദ്ധേയമാണ്. നഗരനയം ആവിഷ്കരിക്കുമ്പോൾ കേരളത്തിലെ സവിശേഷമായ സാമൂഹ്യ-സാമ്പത്തിക സാഹചര്യങ്ങൾ കണക്കിലെടുക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, അക്കാര്യമാണ് ഞാൻ നേരത്തെ വിശദീകരിച്ചത്. കേരളത്തിന്റെ സവിശേഷ സാമ്പത്തിക-സാമൂഹിക-രാഷ്ട്രീയ സാഹചര്യങ്ങൾകൂടി കണക്കിലെടുത്തുകൊണ്ടുള്ള നഗരനയമാണ്

സർക്കാർ ആവിഷ്കരിക്കുന്നത്. നേരത്തെ സൂചിപ്പിച്ചതുപോലെ സാമൂഹികനീതിയിലധിഷ്ഠിതമായ വികസനമാണ് നടപ്പിലാക്കുന്നത്. നഗരം, നഗരത്തിന്റെ രീതിയിൽ സ്വാഭാവികമായി വളരുക എന്നതല്ല; നഗരം എല്ലാവർക്കും അവസരങ്ങൾ നൽകുന്ന തരത്തിലുള്ള നഗരവൽക്കരണത്തിന് വഴിയൊരുക്കുക എന്നതിനാണ് സർക്കാർ നഗരനയം ആവിഷ്കരിച്ചിട്ടുള്ളത്. ഒരു കാര്യംകൂടി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. ലോകത്തെല്ലായിടത്തും വിവിധ രാജ്യങ്ങളുടെ ജി.ഡി.പി.-യിലേക്ക് ഏറ്റവും വലിയ സംഭാവന നൽകുന്നത് നഗരങ്ങളാണ്. കേരളത്തെ സംബന്ധിച്ചും നഗരവൽക്കരണത്തിന്റെ സാധ്യതയെ സാമ്പത്തിക വളർച്ചയ്ക്കുകൂടി ഉപയോഗപ്പെടുത്തുക, നഗരങ്ങളെ സമ്പത്തുൽപാദനത്തിന്റെ കേന്ദ്രങ്ങളായി, സാമ്പത്തിക വളർച്ചയുടെ ചാലകശക്തികളായി മാറ്റുക എന്ന ഒരു കാഴ്ചപ്പാടുകൂടി സർക്കാർ മുന്നോട്ടുവയ്ക്കുന്നുണ്ട്. അപ്പോഴാണ് തൊഴിലും വരുമാനവും എല്ലാവർക്കും ഉറപ്പുവരുത്താൻ കഴിയുക. പ്രാദേശിക സാമ്പത്തിക വികസനം എന്നത് സർക്കാർ അംഗീകരിച്ച ഒരു സമീപനമാണ്. അതിന്റെ അടിസ്ഥാനത്തിൽ നഗരങ്ങളെ ഗ്രോത്ത് ഹബ്ബുകളാക്കി മാറ്റുക എന്ന കാഴ്ചപ്പാടോടുകൂടിയാണ് സർക്കാർ

മുന്നോട്ടുപോകുന്നത്. വിഴിഞ്ഞം ഉൾപ്പെടെയുള്ള വൻകിട പദ്ധതികളും കഴിഞ്ഞ പത്തുവർഷം കൊണ്ട് കിഫ്ബിയിലൂടെ നടപ്പാക്കിയിട്ടുള്ള തൊണ്ണൂറായിരം കോടി രൂപയുടെ അടിസ്ഥാനസൗകര്യ വികസന പദ്ധതികളുമെല്ലാം കേരളത്തിന്റെ നഗരവൽക്കരണത്തിന്റെ പശ്ചാത്തലത്തിലുള്ള അടിസ്ഥാനസൗകര്യ വികസനത്തിന് വലിയ സംഭാവനകളാണ് നൽകിയിട്ടുള്ളത്.

ശ്രീ. എച്ച്. സലാം: സർ, നമ്മുടെ ഗ്രാമങ്ങൾ അതിവേഗത്തിൽ നഗര സ്വഭാവം കൈവരിക്കുമ്പോൾ ധാരാളം പ്രകടമായ വ്യത്യാസങ്ങളാണ് സംഭവിക്കുന്നത്. നമ്മുടെ പ്രാദേശിക വികസനകാര്യത്തിൽ അർബൻ-റൂറൽ എന്നിങ്ങനെയുള്ള വ്യത്യാസത്തിന്റെ അടിസ്ഥാനത്തിൽ ഭരണപരമായ കാര്യത്തിലുൾപ്പെടെ പ്രാദേശികവികസന പ്രക്രിയയിൽ സ്വാഭാവികമായും നിൽക്കുന്ന നിയമത്തെയും ചട്ടങ്ങളെയും അടിസ്ഥാനമാക്കിത്തന്നെയാണ് കാര്യങ്ങൾ മുന്നോട്ടുപോകുന്നത്. ഗ്രാമങ്ങൾ നഗരവൽക്കരിക്കപ്പെടുന്ന സാഹചര്യത്തിൽ അതിനെക്കൂടി പരിഗണിച്ചുകൊണ്ടുള്ള വ്യത്യാസം ഭരണപരമായ കാര്യത്തിൽ പ്രദേശിക വികസന പ്രക്രിയയിൽ എങ്ങനെയാണ് സൃഷ്ടിക്കാനുദ്ദേശിക്കുന്നത്; അർബൻ കമ്മീഷൻ

ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഏതുതരത്തിൽ നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

ശ്രീ. എം. ബി. രാജേഷ്: സർ, ഇപ്പോൾതന്നെ നഗരങ്ങൾക്കുള്ള മാസ്റ്റർ പ്ലാനുകൾ രൂപവൽക്കരിക്കുന്ന പ്രക്രിയയിലാണ്. അനേകം നഗരസഭകളുടെ മാസ്റ്റർ പ്ലാനുകൾ അപ്രൂവ് ചെയ്തുകഴിഞ്ഞു. ബാക്കിയുള്ളവ അപ്രൂവ് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങളിലാണ്. കാലാവസ്ഥാ വ്യതിയാനത്തിന് ഏറ്റവും വൾനറബിളായിട്ടുള്ള ഒരു പ്രദേശമാണ് കേരളം എന്നതാണ് പ്രത്യേകത. ലോകത്തിലെ തന്നെ അൻപതോളം വൾനറബിളായിട്ടുള്ള പ്രദേശങ്ങളിലൊന്നാണ് കേരളം. ആ പ്രത്യേകതകൾക്കൂടി കണക്കിലെടുത്തുകൊണ്ടുവേണം കേരളത്തിന്റെ നഗരവൽക്കരണത്തിന്റെ ദിശ നിർണ്ണയിക്കാൻ. അതുകൊണ്ട് റിസ്ക് ഇൻഫോർമ്ഡ് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്ന പ്രക്രിയയും നിലവിൽ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. അതോടൊപ്പം നഗര-ഗ്രാമ അന്തരം കുറഞ്ഞുവരുന്നതുകൂടി കണക്കിലെടുത്തുകൊണ്ടുള്ള പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. ജി. സ്റ്റീഫൻ: സർ, നഗരവൽക്കരണം പൂർണ്ണമായ തോതിൽ നടപ്പിലാക്കുമ്പോൾ നിലവിലെ നിയമങ്ങളിൽ കാതലായിട്ടുള്ള മാറ്റം വരുത്തേണ്ടതുണ്ട്. ഇത്തരത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരങ്ങൾ നൽകുന്നതിനും അർബൻ ഒബ്സർവേറ്ററികൾ സ്ഥാപിക്കുന്നതിനുംവേണ്ട നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, അർബൻ ഒബ്സർവേറ്ററി എന്നത് അർബൻ കമ്മീഷൻ മുന്നോട്ടുവച്ചിട്ടുള്ള പ്രധാനപ്പെട്ട ഒരു നിർദേശമാണ്. അത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. കൂടുതൽ വിശദാംശങ്ങൾ പിന്നീട് മാത്രമെ വ്യക്തമാക്കാൻ കഴിയുകയുള്ളൂ. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച മറ്റൊരു പ്രധാനപ്പെട്ട കാര്യം നിയമങ്ങളിൽ വരുത്തേണ്ട മാറ്റമാണ്. അത് വളരെ പ്രസക്തമാണ്. കേരളത്തിന്റെ പഞ്ചായത്ത് രാജ് നിയമം, 1957-ൽ ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ അധ്യക്ഷതയിലുള്ള ഭരണപരിഷ്കാര കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1960-ൽ ഉണ്ടായതാണ്. പിന്നീട് 1994-ൽ ആണ് പഞ്ചായത്ത് രാജ് മുനിസിപ്പൽ നിയമങ്ങൾ പാസ്സാക്കിയത്. ഇപ്പോൾ ഏറെ വർഷങ്ങൾ പിന്നിട്ടിരിക്കുന്നു.

സാഹചര്യങ്ങളിൽ വലിയ മാറ്റം വന്നിരിക്കുന്നു. നഗരവൽക്കരണം വലിയതോതിൽ അതിന്റെ ആക്കം കൂടിയിരിക്കുന്നു. ഇതെല്ലാം കണക്കിലെടുത്തുകൊണ്ടുള്ള സമഗ്രമായ പഞ്ചായത്ത് രാജ് മുനിസിപ്പൽ നിയമഭേദഗതികളുടെ പ്രത്യേകിച്ച് മുനിസിപ്പൽ നിയമ ഭേദഗതിയുടെ നിർദേശം കമ്മീഷൻ മുന്നോട്ടുവച്ചിട്ടുണ്ട്. അതും നഗരനയത്തിന്റെ ഭാഗമായി സർക്കാർ പരിഗണിക്കുന്നുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, കവി പാടിയിട്ടുള്ളത് "നാട്ടിൻപുറം നന്മകളാൽ സമൃദ്ധം" എന്നാണ്. നിലവിൽ കേരളം ഒരു മെട്രോപൊളിറ്റൻ സിറ്റിയല്ല; ബോംബെ, കൽക്കട്ട, ചെന്നൈ എന്നീ മെട്രോപൊളിറ്റൻ സിറ്റികളെപ്പോലെ കേരളത്തെ മാറ്റിയെടുക്കാനും കഴിയില്ല. മന്ത്രി പറഞ്ഞത് ശരിയാണ്; കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ ജനസാന്ദ്രത വളരെ കൂടുതലായത് കൊണ്ട് ഗ്രാമനഗര വ്യത്യാസങ്ങൾ നമുക്കില്ല. പക്ഷേ കേരളത്തിന്റെ ഗ്രാമങ്ങളുടെ സൗന്ദര്യം സംരക്ഷിച്ചുകൊണ്ട് അതിനനുസരിച്ച് പ്ലാൻഡ് ആയിട്ടുള്ള നഗരങ്ങൾ നിർമ്മിക്കുകയെന്നുള്ളതാണ് ഏറ്റവും അഭികാമ്യമായിട്ടുള്ളത്. മറ്റ് പ്രധാനപ്പെട്ട നഗരങ്ങളിൽ കാണുന്ന പല

തരത്തിലുള്ള പ്രശ്നങ്ങളും അതുവഴി ഒഴിവാക്കാൻ കഴിയും. പ്ലാൻഡ് സിറ്റികളാണ് നമുക്ക് ആവശ്യം. ശുദ്ധജലം ലഭ്യമാക്കുന്ന മലിനീകരണം ഇല്ലാത്ത മാലിന്യങ്ങൾ സംസ്കരിക്കാൻ കഴിയുന്ന തരത്തിലുള്ള പ്ലാൻഡ് സിറ്റികളെപ്പറ്റി ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ; അത് നടപ്പാക്കാനുള്ള എന്തെല്ലാം നടപടികൾ സ്വീകരിക്കണം?

ശ്രീ. എം. ബി. രാജേഷ്: സർ, കവി പാടിയതിൽ ഒരു വാക്യം മാത്രമെ അദ്ദേഹം ഉദ്ധരിച്ചുള്ളൂ. 'നാട്ടിൻപുറം നന്മകളാൽ സമൃദ്ധം' എന്നുമാത്രമല്ല, 'നാട്യപ്രധാനം നഗരം' എന്നുകൂടി കവി പാടിയിട്ടുണ്ട്. എന്റെ അഭിപ്രായമല്ല; കവി പാടിയത് അങ്ങ് ഉദ്ധരിച്ചപ്പോൾ ബാക്കിഭാഗം ഞാൻ പൂരിപ്പിച്ചുവെന്നേയുള്ളൂ.

നഗരങ്ങളെ ആസൂത്രിത നഗരങ്ങളാക്കി മാറ്റുകയെന്നതാണ് ഇവിടെ വിശദീകരിച്ചത്. നഗരവൽക്കരണം അതിന്റെ വഴിക്ക് നടക്കുകയെന്നല്ല അങ്ങനെയാണെങ്കിൽ പിന്നെ നഗരനയം ആവിഷ്കരിക്കേണ്ട കാര്യമില്ല. നഗരവൽക്കരണ പ്രക്രിയയിൽ ഇടപെടുകയും അതിനെ ഒരു ആസൂത്രിതമായിട്ടുള്ള സ്വഭാവത്തിൽ നമ്മുടെ നാടിന്റെ വികസന

താൽപര്യങ്ങൾ എല്ലാവരെയും ഉൾക്കൊള്ളുന്ന സാമൂഹികനീതി ഉറപ്പുവരുത്തുന്ന ഒരു കാഴ്ചപ്പാടിനനുസരിച്ച് മാറ്റിതീർക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് നഗരനയം ആവിഷ്കരിച്ചിട്ടുള്ളത്. അങ്ങയുടെ ചോദ്യത്തിനുള്ള ഉത്തരം ഈ നഗരനയത്തിൽ ഉണ്ടാകുമെന്നകാര്യം ഞാൻ ഉറപ്പുനൽകുകയാണ്.

ശ്രീ. മാത്യു ടി. തോമസ്: സർ, നഗരവൽക്കരണം നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രദേശമാണ് കേരളം. പല ഗ്രാമപഞ്ചായത്തുകളും ഔദ്യോഗികമായി ഗ്രാമപഞ്ചായത്തുകളെന്ന് അറിയപ്പെടുന്നുവെങ്കിലും നഗരത്തിന്റെ എല്ലാ സ്വഭാവങ്ങളും സവിശേഷതകളും ഉൾക്കൊള്ളുന്നവയാണ്. അതോടനുബന്ധിച്ച് ഉയരുന്ന പ്രശ്നമാണ് മാലിന്യത്തിന്റ പ്രശ്നം. ഞാൻ സൂചിപ്പിക്കാൻ ശ്രമിക്കുന്നത് കക്കൂസ് മാലിന്യങ്ങൾ സംസ്കരിക്കാൻവേണ്ടി നാട്ടിൽ പൊതുവെ ഫലപ്രദമായി സൗകര്യങ്ങളില്ല. സാധാരണ ഇവ ശേഖരിക്കുന്ന ആളുകൾ ജലസ്രോതസ്സുകളിലാണ് ഉപേക്ഷിക്കുന്നത്. അതുകൊണ്ട് നഗരങ്ങളിൽതന്നെ കക്കൂസ് മാലിന്യങ്ങളുടെ ഒരു നെറ്റ്‌വർക്ക് പൈപ്പ് ലൈനിലൂടെ തിരുവനന്തപുരത്തുള്ളതുപോലെ തന്നെ സംവിധാനങ്ങൾ

ഒരുക്കുകയും സ്വിവറേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ വ്യാപകമാക്കി നമ്മുടെ നഗരങ്ങൾ ഉണ്ടാക്കുകയും ചെയ്തില്ലെങ്കിൽ ജലസ്രോതസ്സുകൾ മലിനപ്പെടും. നഗരവൽക്കരണത്തിന്റെ വലിയ പ്രത്യാഘാതം എന്ന നിലയിൽ ഈ കക്കൂസ് മാലിന്യങ്ങൾ സംസ്കരിക്കാനുള്ള ഒരു പദ്ധതി സംസ്ഥാനാടിസ്ഥാനത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എം. ബി. രാജേഷ്: സർ, മാലിന്യ സംസ്കരണം നഗരവൽക്കരണത്തിന്റെ വെല്ലുവിളികളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്. ആ വെല്ലുവിളി നേരിടുന്നതിൽ വളരെ വലിയ ഒരു പുരോഗതി കഴിഞ്ഞ ഏതാനും വർഷങ്ങൾക്കിടയിൽ കേരളത്തിലെ സർക്കാരിന് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രത്യേകിച്ച് ഖരമാലിന്യ സംസ്കരണത്തിന്റെ കാര്യത്തിൽ. എന്നാൽ ദ്രവമാലിന്യ സംസ്കരണത്തിന്റെയും കക്കൂസ് മാലിന്യ സംസ്കരണത്തിന്റെയും കാര്യത്തിൽ ഇനിയും ഏറെ മുന്നോട്ടുപോകാനുണ്ട്. നിരവധി സെപ്റ്റേജ് മാലിന്യ സംസ്കരണ പ്ലാന്റുകൾ ആസൂത്രണം ചെയ്തിട്ടുണ്ട്. പക്ഷേ, പബ്ലിക് പ്രൊട്ടസ്റ്റ് മൂലം വേണ്ടത്ര പുരോഗതി അക്കാര്യത്തിൽ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ചിലയിടങ്ങളിൽ സെപ്റ്റേജ് മാലിന്യ സംസ്കരണ പ്ലാന്റുകൾ നമ്മൾ ആരംഭിച്ചിട്ടുണ്ട്. അതിന് നല്ലൊരു

മാതൃകയാണ് തിരുവനന്തപുരത്തെ മുട്ടത്തറ. അതുസംബന്ധിച്ച് ഈ നിയമസഭയിൽ സഭ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം കൊണ്ടുവന്നത് അങ്ങ് ഓർക്കും എന്നാണ് ഞാൻ വിചാരിക്കുന്നത്. കക്കൂസ് മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നതിനെതിരായി സഭ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം കൊണ്ടുവന്നതും വളരെ വൈകാരികമായിട്ടുള്ള പ്രസംഗങ്ങൾ നടന്നതുമെല്ലാം നമ്മൾ ഓർക്കണം. അതേസമയം ഒരു പഠനം കാണിക്കുന്നത് കേരളത്തിലെ വീടുകളിലെ കിണറുകളിൽ 78 ശതമാനത്തിലും ഇ. കോളി ബാക്ടീരിയയുടെ ഉയർന്ന സാന്നിധ്യമുണ്ട് എന്നതാണ്. അതിന്റെ പ്രധാന കാരണം വീടുകളിലെ സെപ്റ്റിക് ടാങ്കുകൾ ശാസ്ത്രീയമായി നിർമ്മിച്ചതല്ല എന്നതാണ്. ശാസ്ത്രീയമായ മാനദണ്ഡപ്രകാരം സെപ്റ്റിക് ടാങ്കുകൾ മൂന്ന് വർഷം കൂടുമ്പോൾ പൂർണ്ണമായും മാലിന്യം നീക്കം ചെയ്ത് ശുചിയാക്കണം. എന്നാൽ അതിനിപ്പോൾ കഴിയുന്നില്ല; അതിന്റെ കാരണം, ഇവിടെയുള്ള കോടിക്കണക്കിന് വീടുകളിലെ മാലിന്യം മുഴുവൻ നീക്കം ചെയ്ത് സംസ്കരിക്കാൻ ആവശ്യമായത്ര Faecal Sludge ട്രീറ്റ്മെന്റ് പ്ലാന്റുകൾ കേരളത്തിലില്ല. കൂടുതൽ പ്ലാന്റുകൾ ആവശ്യമുണ്ട്. ഇനി മാലിന്യസംസ്കരണത്തിൽ നമ്മുടെ മുൻഗണനാവിഷയം ദ്രവമാലിന്യ

സംസ്കരണവും കക്കൂസ് മാലിന്യ സംസ്കരണവുമാണ്. ഇപ്പോൾ മാലിന്യങ്ങൾ കായലുകളുൾപ്പെടെയുള്ള ജലാശയങ്ങളിലാണ് കൊണ്ടുപോയി തള്ളുന്നത്. അവിടുന്നുള്ള മത്സ്യം നമ്മൾ കഴിക്കുന്നുമുണ്ട്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, അതിവേഗം നഗരവൽക്കരണം നടന്നുകൊണ്ടിരിക്കുന്ന നമ്മുടെ നാട്ടിൽ നഗരസഭകൾക്ക് അതിനനുസൃതമായി പ്രവൃത്തിക്കാനുള്ള ഫണ്ടുകൾ ലഭിക്കുന്നില്ലെന്നതാണ് വളരെ വലിയ പ്രശ്നം. ആസൂത്രിത നഗരവികസനം വേണമെന്ന് ഇവിടെ സൂചിപ്പിച്ചല്ലോ? 2015-ൽ പുതുതായി രൂപീകരിക്കപ്പെട്ട നഗരസഭകളുടെ അടിസ്ഥാന സൗകര്യങ്ങൾപോലും വികസിപ്പിക്കാനുള്ള പദ്ധതികൾ നമുക്കുണ്ടായിരുന്നില്ല. ഒരു നഗരസഭയിൽ, സ്റ്റേഡിയം, ടൗൺഹാൾ, ഓഫീസ് സമുച്ചയം, പാർക്ക്, പാർപ്പിടം ഇവയെല്ലാം നിർമ്മിക്കാനുള്ള സൗകര്യങ്ങളുണ്ടാകണം. ഗവൺമെന്റ് ഭൂമി പോലും ഇത്തരം നഗരസഭകൾക്ക് വിട്ടുകൊടുക്കുന്നില്ല. ജയിലിനുവേണ്ടി ആവശ്യപ്പെട്ടപ്പോൾ വെറുതെ കിടക്കുന്ന ഭൂമി ജയിലിന് കൊടുത്തു. എന്നാൽ മണ്ണാർക്കാട് നഗരസഭ ആവശ്യപ്പെട്ടപ്പോൾ ആ ഭൂമി ഇതുവരെ കൊടുത്തിട്ടില്ല. ഇത്തരം നഗരസഭകളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കാൻ

നഗരവൽക്കരണത്തിനനുസൃതമായി ജീവിത സാഹചര്യങ്ങളൊരുക്കാൻ ഗവൺമെന്റ് പ്രത്യേക പദ്ധതി തയ്യാറാക്കുമോ; ആ പദ്ധതിയിൽ മണ്ണാർക്കാട് നഗരസഭയെയും ഉൾപ്പെടുത്തുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, മണ്ണാർക്കാട് നഗരസഭയിലെ ഒരു പ്രത്യേക പ്രശ്നം പരാമർശിച്ച് അദ്ദേഹം സാമാന്യവൽക്കരിക്കുകയാണ് ചെയ്തത്; അത് വസ്തുതാപരമല്ല. കേരളത്തിലെ ഏറ്റവും ദൗർലഭ്യമുള്ള ഒരു വിഭവം ഭൂമിയാണെന്നുള്ളത് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ലഭ്യതയ്ക്കനുസരിച്ചാണ് ഭൂമി കൊടുക്കാൻ കഴിയുന്നത്. അദ്ദേഹം പറഞ്ഞ പ്രശ്നം ഏതാണെന്ന് എനിക്ക് വ്യക്തമായിട്ടില്ല. എന്തായാലും അദ്ദേഹം പറഞ്ഞ കാര്യങ്ങൾ നേരത്തെ ഇവിടെ വിശദീകരിച്ചതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. അതിനുള്ള ഉത്തരം നേരത്തെ വിശദീകരിച്ചതാണ്.

ശ്രീ. ഇ. കെ. വിജയൻ: സർ, ഒരു നഗരനയം രൂപീകരിക്കാൻ മുന്നോട്ട് വരുന്നുവെന്നത് വളരെ സ്വാഗതാർഹമാണ്. പക്ഷേ ഇപ്പോൾതന്നെ നമ്മുടെ നഗരങ്ങളിൽ 50, 100 നിലകളുള്ള വലിയ ഫ്ലാറ്റുകൾ ഉയർന്നുവരികയാണ്. എന്നാൽ അതിനൊരു പ്ലാൻ അംഗീകരിക്കുമ്പോൾ ഇത്തരത്തിൽ ഒരു

ഫ്ലാറ്റിൽനിന്ന് എത്ര കാർബൺഡൈ ഓക്സൈഡ് പുറത്തുവരുന്നുണ്ട് എന്ന് കണക്കാക്കി ഒന്നുകിൽ പ്രത്യേകം പ്രത്യേകമായോ അല്ലെങ്കിൽ ഒരു പ്രദേശം കണക്കാക്കിയോ ഒരു ഗ്രീൻബെൽറ്റ് ചെയ്തില്ലെങ്കിൽ അതിഭീകരമായ ഒരു പ്രശ്നത്തെ നമ്മൾ നേരിടേണ്ടി വരും. ഈ നഗരനയത്തിൽ ഏറ്റവും കൂടുതൽ പ്രാമുഖ്യം കൊടുക്കേണ്ടത് അതിനാണ്. പ്രത്യേകിച്ച്, നമ്മുടെ കേരളത്തെ കേരളമായി നിലനിർത്തണമെങ്കിൽ, നഗരവൽക്കരണം നടക്കുന്നതിന്റെ കൂടെത്തന്നെ ഈ പച്ചപ്പും നിലനിൽക്കണമെങ്കിൽ അത് അനിവാര്യമാണ്. കാരണം വയലുകളെല്ലാം നഷ്ടപ്പെടുകയാണ്.  ആ ഒരു സാഹചര്യത്തിൽ, ഇത്തരമൊരു നിലപാട് സ്വീകരിച്ച് പ്ലാൻ അംഗീകരിക്കുമ്പോൾ ഒരു ഏക്കർ സ്ഥലത്ത് ഒരു ഏക്കർ കെട്ടിടമുണ്ടാക്കി പാർക്കിംഗ് സൗകര്യമുണ്ടായാൽ മതി എന്നുള്ള ഒരു സ്ഥിതി വരുന്നുണ്ട്. അതൊഴിവാക്കുന്നതിനെക്കുറിച്ച് ഒരു നല്ല കാഴ്ചപ്പാട് ഉണ്ടാകേണ്ടതല്ലേ; അക്കാര്യം ഈ നയത്തിൽ സ്വീകരിക്കുന്നുണ്ടോ?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, അദ്ദേഹം ഉന്നയിച്ച പ്രശ്നം പ്രസക്തമാണ്.  കേരളം, ആ ദിശയിലുള്ള പ്രവർത്തനം നേരത്തെതന്നെ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ബഹുമാന്യനായ ഗവർണ്ണറുടെ നയപ്രഖ്യാപന

പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ച കാര്യം എല്ലാവരും ഓർക്കുന്നുവെന്ന് ഞാൻ കരുതുന്നു. 2050 ആകുമ്പോൾ കേരളം കാർബൺ ന്യൂട്രൽ സംസ്ഥാനമായി മാറും; ആ ലക്ഷ്യം നിശ്ചയിച്ചുകൊണ്ടുള്ള ഒരു റോഡ് മാപ്പ് അനുസരിച്ചുള്ള പ്രവർത്തനം കേരളത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. ദേശീയ തലത്തിൽ 2070 ആണ് ലക്ഷ്യം. ദേശീയതലത്തിൽ കൈവരിക്കാനിരിക്കുന്ന ഒരു ലക്ഷ്യം അതിന്റെ രണ്ട് ദശകം മുമ്പ് കൈവരിക്കുകയെന്നത്, മറ്റെല്ലാ കാര്യത്തിലും എന്നതുപോലെ ഇക്കാര്യത്തിലും ഇന്ത്യക്ക് മാതൃകയായി കേരളത്തിന് മാറാൻ കഴിയും.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വിനിയോഗം

3(*3) ശ്രീ. എം. മുകേഷ്:
ശ്രീ. എം. എം. മണി:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ (സി.എം.ഡി.ആർ.എഫ്.) വിനിയോഗം

കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) 2016-21-ലും 2021-26-ലുമായി സി.എം.ഡി.ആർ.എഫ്.-ൽ നിന്നും എത്ര തുക വിനിയോഗിച്ചിട്ടുണ്ടെന്നും അതിൽ ചികിത്സാ സഹായത്തിനായി മാത്രം എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ;

(സി) 2011-16 കാലയളവിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഏതെല്ലാം പ്രവൃത്തികൾക്കായി എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ;

(ഡി) സി.എം.ഡി.ആർ.എഫ്. വിനിയോഗം കൂടുതൽ വേഗതയിലും കാലാനുസൃതമായ പരിഷ്കാരത്തോടെയും നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ-ഡി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നുള്ള ധനസഹായത്തിനായി 2016-21-ൽ 5715.92 കോടി രൂപയും 2021-26-ൽ 2569.15 കോടി രൂപയും ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാ

ധനസഹായം ഉൾപ്പെടെ അനുവദിച്ചിട്ടുണ്ട്. 2016-21 കാലയളവിൽ ചികിത്സാ ധനസഹായമായി 918.95 കോടി രൂപയും 2021 മെയ് 21 മുതൽ 2025 ഡിസംബർ 31 വരെ 917.13 കോടി രൂപയും DBT വഴി നേരിട്ട് അനുവദിച്ചിട്ടുണ്ട്. 2011-16 കാലയളവിൽ ലഭിച്ച 29,930 അപേക്ഷകളിൽ സഹായം അനുവദിച്ച് ഉത്തരവായിരുന്നുവെങ്കിലും തുക അനുവദിച്ചിരുന്നില്ല. 25-05-2016-ൽ അധികാരത്തിൽവന്ന സർക്കാരിന്റെ കാലയളവിലാണ് ഈ തുക അനുവദിച്ചുനൽകിയത്. 2011-16 കാലയളവിൽ 808.78 കോടി രൂപ ദുരിതാശ്വാസനിധിയിൽ നിന്ന് വിനിയോഗിച്ചിട്ടുണ്ട്. എന്നാൽ അപേക്ഷകന് ധനസഹായം ലഭിക്കുന്നതിനായി ദീർഘനാൾ കാത്തിരിക്കേണ്ട സ്ഥിതിയാണ് അന്നുണ്ടായിരുന്നത്. ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായം വേഗത്തിൽ നൽകുക എന്ന ലക്ഷ്യത്തോടെ ഈ സംവിധാനം പൂർണ്ണമായും ഓൺലൈനാക്കിക്കൊണ്ടുള്ള ഉത്തരവ് 14-11-2016-ൽ പുറപ്പെടുവിച്ചു. ദുരിതാശ്വാസനിധിയിൽനിന്നുള്ള അപേക്ഷ സമർപ്പിക്കുന്നതുമുതൽ തുക അനുവദിക്കുന്നതുവരെയുള്ള എല്ലാ നടപടികളും ഓൺലൈനായാണ് ഇപ്പോൾ നിർവഹിക്കുന്നത്. ഏതവസരത്തിലും അപേക്ഷയുടെ

നിജസ്ഥിതി അപേക്ഷകന് പരിശോധിച്ചറിയാൻ കഴിയുന്നവിധം തികച്ചും സുതാര്യമായ ഒരു സംവിധാനമാണ് നിലവിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി. അർഹരായവർക്ക് 100 മണിക്കൂറിനുള്ളിൽ ധനസഹായം കൈമാറുക എന്ന ലക്ഷ്യമാണ് ഈ സംവിധാനത്തിനുള്ളത്. അപേക്ഷകന്റെ അക്കൗണ്ടിലേക്ക് നേരിട്ട് DBT സംവിധാനം വഴിയാണ് ധനസഹായം നൽകുന്നത്. അപേക്ഷകന് cmo.kerala.gov.in എന്ന വെബ് സൈറ്റ് വഴി അപേക്ഷയുടെ തൽസ്ഥിതി അറിയാൻ കഴിയും. 10,000/- രൂപ വരെ ജില്ലാ കളക്ടർമാർക്കും 15,000/- രൂപ വരെ റവന്യൂ വകുപ്പിന്റെ സ്പെഷ്യൽ സെക്രട്ടറിക്കും ധനസഹായം അനുവദിക്കുവാൻ കഴിയും.

വള്ളം, ബോട്ട്, തുടങ്ങിയ ജീവിതോപാധികൾ പൂർണ്ണമായും നഷ്ടപ്പെടുന്നവർക്ക് 2 ലക്ഷം രൂപയും, വല, കട്ടമരം എന്നിവ പൂർണ്ണമായും നഷ്ടപ്പെടുന്നവർക്ക് ഒരു ലക്ഷം രൂപയും, വള്ളവും, ബോട്ടും ഭാഗികമായി നഷ്ടപ്പെടുന്നവർക്ക് ഒരു ലക്ഷം രൂപ വരെയും, കട്ടമരം നഷ്ടപ്പെട്ടാൽ 20,000 രൂപ വരെയും അനുവദിക്കുന്നതാണ്. മാരകമായ അസുഖങ്ങൾ പിടിപെട്ട ഒരാൾക്ക് പരമാവധി 3 ലക്ഷം രൂപ വരെയും ലഭിക്കും. ഇൻഷ്വറൻസ്

പരിരക്ഷയില്ലാത്ത ചെറുകിട കച്ചവട സ്ഥാപനങ്ങൾക്കും, വാസഗൃഹങ്ങൾക്കും തീപിടുത്തം വഴി ഉണ്ടാകുന്ന നാശനഷ്ട ങ്ങൾക്ക് നഷ്ടത്തിന്റെ തോത് വിലയിരുത്തി സഹായധനം അനുവദിക്കും. ചികിത്സാ ധനസഹായം ഉൾപ്പെടെ ദുരിതാശ്വാസനിധിയിൽ നിന്നുമുള്ള ധനസഹായത്തിനുള്ള വാർഷിക വരുമാന പരിധി 2 ലക്ഷം രൂപയാണ്. HIV ബാധിതരുടെ പരിരക്ഷയ്ക്കായി ജില്ലാ കളക്ടറുടെ തലത്തിൽ തന്നെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 6 മാസം കൂടുതോറും ധനസഹായം ലഭ്യമാക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനായി ART (Anti-Retroviral Therapy) Center മുഖേന ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരം അപേക്ഷകൾ സമർപ്പിക്കുന്നതുമുതലുള്ള എല്ലാ രേഖകളും പൂർണ്ണമായും രഹസ്യ സ്വഭാവം സൂക്ഷിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. RCC-യിൽ ചികിത്സ നടത്തുന്ന രോഗികൾക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന് ഓൺലൈൻ സംവിധാനം പുതുതായി ഏർപ്പെടുത്തിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായത്തിനായുള്ള അപേക്ഷകൾ നേരിട്ടും, എല്ലാ അക്ഷയ കേന്ദ്രങ്ങൾ വഴിയും സമർപ്പിക്കാവുന്നതാണ്.

അപേക്ഷകർക്ക് ഓരോ ഘട്ടത്തിലും അപേക്ഷയുടെ സ്റ്റാറ്റസ് പരിശോധിക്കാവുന്നതും അനുവദിച്ച തുക തന്റെ ബാങ്ക് അക്കൗണ്ടിലേക്ക് എത്തിയോ എന്ന കാര്യം അറിയാവുന്നതുമാണ്. മാസം തോറും വില്ലേജ്-താലൂക്ക്-ജില്ലാതലത്തിലും സർക്കാർ തലത്തിലും അവലോകന യോഗം ചേർന്ന് തീർപ്പാക്കൽ പുരോഗതി വിലയിരുത്തുകയും തുടർനടപടികൾ നിർദേശിക്കുകയും ചെയ്തുവരുന്നു.

ശ്രീ. എം. മുകേഷ്: സർ, 2016-21-ലെ സർക്കാർ അധികാരത്തിൽ വരുമ്പോൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിച്ച് ഉത്തരവായതായി എത്ര പേർക്ക് എത്ര തുക നൽകാനുണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, 2011-16 കാലയളവിലെ ധനസഹായം ഉത്തരവായെങ്കിലും ധനസഹായം നൽകാതിരുന്ന 29930 അപേക്ഷകളുണ്ടായിരുന്നു. അതിൽ 36 കോടി 40 ലക്ഷം രൂപ പിന്നീട് 2016-ൽ വന്ന ഗവൺമെന്റിന്റെ കാലത്താണ് അനുവദിച്ചത്.

ശ്രീ. എം. മുകേഷ്: സർ, കേന്ദ്ര സർക്കാർ അനുമതി നിഷേധിച്ചതുമൂലം സംസ്ഥാനത്തിന്റെ ദുരിതാശ്വാസ നിധിയിലേക്ക് ഏതെങ്കിലും രാജ്യം നൽകാൻ തീരുമാനിച്ച എത്ര കോടി രൂപയാണ് നഷ്ടപ്പെട്ടതെന്ന് വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇത് പലവട്ടം നമ്മുടെ പൊതുസമൂഹം ചർച്ച ചെയ്ത വിഷയമാണ്. ചില രാജ്യങ്ങളിലെ ഭരണാധികാരികൾ നമുക്ക് സഹായം നൽകാൻവേണ്ടി തയ്യാറായി മുന്നോട്ടുവന്നിരുന്നു. പക്ഷേ കേന്ദ്ര ഗവൺമെന്റ് അത്തരം സഹായങ്ങൾ സ്വീകരിക്കില്ലെന്ന നിലപാട് എടുത്തതിന്റെ ഭാഗമായി അവ നമുക്ക് ലഭിക്കാതിരിക്കുകയാണ് ചെയ്തത്. അപ്പോൾ പിന്നെ ആ രാജ്യങ്ങളുടെ പേര് പറഞ്ഞതുകൊണ്ട് കാര്യമില്ല.

ശ്രീ. എം. എം. മണി: സർ, ദുരിതാശ്വാസ നിധി മുൻനിർത്തി പുനർജനി എന്ന പേരിൽ ഔദ്യോഗിക പദവി ഉപയോഗിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വിദേശത്തുപോയി പിരിച്ച പണത്തിന്റെ കണക്കോ വിനിയോഗം സംബന്ധിച്ച വിശദാംശമോ സംസ്ഥാന സർക്കാരിന് നൽകിയിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, പ്രസ്തുത വിഷയം സംബന്ധിച്ച് മറുപടി പറയുന്നതിന് പ്രത്യേകം നോട്ടീസ് നൽകണം.

ശ്രീ. എൻ. കെ. അക്ബർ: സർ, വിദേശത്തുനിന്നും പണം സമാഹരിക്കാൻ സംസ്ഥാന സർക്കാർ മുഖേന കേന്ദ്ര സർക്കാരിന്റെ അനുമതി തേടിയിരുന്നോ?

ശ്രീ. പിണറായി വിജയൻ: സർ, ഇത് ഈ ചോദ്യവുമായി ബന്ധപ്പെട്ടതല്ല. അതിനുള്ള പ്രത്യേക നോട്ടീസ് നൽകിയാൽ മറുപടി നൽകാം.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, ചൂരൽമല പ്രകൃതി ദുരന്തത്തിന്റെ പേരിൽ കോൺഗ്രസും മുസ്ലീം ലീഗും സമാഹരിച്ച പണമോ, അതുസംബന്ധിച്ച വിശദാംശമോ സംസ്ഥാന സർക്കാരിന് നൽകിയിട്ടുണ്ടോ; പദ്ധതിയുടെ ആനുകൂല്യങ്ങൾ ആർക്കെല്ലാം ലഭ്യമാക്കുമെന്ന് വിശദമാക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തിൽ യാതൊരു വിശദാംശവും സർക്കാരിന് ലഭിച്ചിട്ടില്ല. മാത്രമല്ല, സർക്കാർതന്നെ വീടുകൾ നിർമ്മിച്ചു നൽകാമെന്നായിരുന്നു ആദ്യം ധാരണയായത്. പിന്നീട്

അതിൽനിന്നും മാറിയാണ് ഈ രണ്ട് കൂട്ടരും അവരവരുടേതായ നിലയിൽ വീടുകൾ നിർമ്മിക്കാമെന്ന നിലപാടെടുത്തത്.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായമാണ് രോഗികൾക്കും അപകടത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കുമെല്ലാം എം.എൽ.എ.മാർ എന്ന നിലയിൽ ഏറ്റവും കൂടുതൽ വാങ്ങിക്കൊടുക്കാൻ കഴിയുന്നത്. ആക്സിഡന്റിൽ മരണപ്പെട്ടവരുടെ ഡെത്ത് സർട്ടിഫിക്കറ്റും എഫ്.ഐ.ആർ. കോപ്പിയും പോലീസ് റിപ്പോർട്ടും നൽകിയാൽ സി.എം.ഡി.ആർ.എഫ്.-ൽനിന്ന് സഹായം വാങ്ങിക്കൊടുക്കാൻ നേരത്തെ കഴിഞ്ഞിരുന്നു. എന്നാൽ കഴിഞ്ഞ രണ്ടുമൂന്ന് മാസങ്ങളായി അപകടത്തിൽ മരിച്ചുപോയ ആളുകളുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും തുക ലഭിക്കുന്നില്ല. അതുസംബന്ധിച്ച് വ്യക്തമാക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ആക്സിഡന്റ് സംഭവിച്ചാൽ ഇൻഷ്വറൻസ് തുകയാണ് സാധാരണഗതിയിൽ ലഭ്യമാകുന്നത്. എന്നാൽ ചില കേസുകളിൽ ഇൻഷ്വറൻസ് തുക ലഭ്യമാകാതെ വരാറുണ്ട്. അത്തരം

സാഹചര്യങ്ങളിലാണ് ദുരിതാശ്വാസ നിധിയിൽനിന്നുള്ള സഹായം അനുവദിക്കുന്നത്. ഇൻഷ്വറൻസ് തുക ലഭിക്കുന്നതിന് വലിയ കാലതാമസം വരുമെന്നുള്ളതുകൊണ്ടാണ് പരിക്കുപറ്റിക്കിടക്കുന്നവർക്ക് സി.എം.ഡി.ആർ.എഫ്.-ൽനിന്ന് ചികിത്സാ സഹായമായി തുക അനുവദിക്കുന്നത്.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് സി.എം.ഡി.ആർ.എഫ്-ൽ നിന്നും ലഭിക്കുന്ന തുക പരമാവധി മൂന്നു ലക്ഷമാണ്. എന്നാൽ ഈ ചികിത്സയ്ക്ക് കേരളത്തിൽ വലിയ തോതിൽ ചെലവ് വരുന്നുണ്ടെന്നുള്ളത് നമുക്കറിയാം. സാധാരണക്കാരായ ആളുകൾക്ക് അത് താങ്ങാൻ കഴിയാത്ത സാഹചര്യമുണ്ട്. ആയതിനാൽ മാക്സിമം മൂന്നുലക്ഷം എന്നുള്ള ലിമിറ്റ് എടുത്തുമാറ്റാനും ആവശ്യമായ മുഴുവൻ തുകയും നൽകാനുമുള്ള നടപടി സ്വീകരിക്കുമോ; ഒരു ലക്ഷത്തിൽ കൂടുതൽ രൂപ ചെലവഴിച്ചാൽ സി.എം.ഡി.ആർ.എഫ്-ൽനിന്നും തുക ലഭിക്കുന്നതിന് ബില്ലും ഡിസ്ചാർജ്ജ് സമ്മറിയും നിർബന്ധമാണ്. അതേസമയം ചില

ചികിത്സകൾക്ക് ഒരു ലക്ഷത്തിൽ കൂടുതൽ തുക ചെലവ് വരുമെങ്കിലും ഡിസ്ചാർജ്ജ് സമ്മറി ഉണ്ടാകില്ല. അത്തരം രോഗികളോടെ സർക്കാർ ദയാപൂർവമായ നിലപാട് സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നം വളരെ ഗൗരവമുള്ളതാണ്. അവയവമാറ്റം മാത്രമല്ല, മറ്റു തരത്തിലുള്ള ചികിത്സകൾക്കും വലിയ തുക ചെലവഴിക്കേണ്ടതായി വരുന്നുണ്ട്. ഇപ്പോഴത്തെ അവസ്ഥയിൽ സർക്കാരിന് ആ മുഴുവൻ ബാധ്യതയും വഹിക്കാൻ കഴിയുന്നതല്ല. എന്നാൽ എങ്ങനെ ഈ പ്രശ്നം പരിഹരിക്കാനാകുമെന്നും അതിന് എന്തു മാർഗ്ഗങ്ങൾ സ്വീകരിക്കണമെന്നതും സംബന്ധിച്ച് കൂടുതൽ വിശദമായി നാമെല്ലാവരും ചർച്ച ചെയ്യേണ്ടതുണ്ട്. പ്രത്യേകമായ ഇൻഷ്വറൻസ് രീതികൾ ഇക്കാര്യത്തിൽ പ്രായോഗികമാണോയെന്നതടക്കം സർക്കാർ ഗൗരവമായി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അതോടൊപ്പം ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നവും പരിശോധിക്കാവുന്നതാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, മാരകമായ രോഗങ്ങളുമായി മല്ലിടുന്ന ആളുകൾ നേരിടുന്ന പ്രയാസങ്ങൾ നമ്മെ എല്ലാവരെയും വേദനിപ്പിക്കുന്നതാണ്. അതുമായി ബന്ധപ്പെട്ട പല ഫയലുകളും മാസങ്ങളോളം കളക്ടറേറ്റുകളിലും വില്ലേജ് ഓഫീസുകളിലും കെട്ടിക്കിടക്കുന്നുണ്ട്. എസ്.ഐ.ആർ.-മായി ബന്ധപ്പെട്ട ജോലികൾ ചെയ്യുന്നതിനാൽ മറ്റ് ഫയലുകൾ നോക്കാൻ സമയമില്ലെന്നാണ് ഇപ്പോൾ ഉദ്യോഗസ്ഥർ പറയുന്നത്. അതുകൊണ്ട് ഇത്തരം ഫയലുകൾ നോക്കുന്നതിനായി പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ?

ശ്രീ. പിണറായി വിജയൻ: സർ, ചോദ്യത്തിന്റെ ആദ്യഭാഗം കേട്ടപ്പോൾ ഇക്കാര്യങ്ങൾ കൃത്യമായി ഫോളോ അപ് ചെയ്യുന്നയാളാണല്ലോ, എന്താണ് ഒരു നിശ്ചയവുമില്ലാതെ ഇങ്ങനെ പറയുന്നത് എന്നുതോന്നിയിരുന്നു. രണ്ടാമത്തെ കാര്യം കേട്ടപ്പോൾ വ്യക്തമായി. റവന്യൂ വകുപ്പിലെ മുഴുവൻ പേരും എസ്.ഐ.ആർ.-മായി ബന്ധപ്പെട്ട തിരക്കിലായതിന്റെ ഫലമായി ചില പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. അത് ഇപ്പോഴത്തെ ഒരു പ്രത്യേക സാഹചര്യം കൊണ്ടാണ്,

താൽക്കാലികമായിട്ടുള്ളതാണ്. ഫയലുകൾ പെട്ടെന്നുതന്നെ തീർപ്പാക്കാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

**അമൃത് പദ്ധതി**

(*4) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അമൃത് (അടൽ മിഷൻ ഫോർ റെജ്യൂവെനേഷൻ ആന്റ് അർബൻ ട്രാൻസ്ഫർമേഷൻ) പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനത്തിന്റെ ഭാഗമായി ഏറ്റെടുത്ത പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) രണ്ടാംഘട്ട പ്രവർത്തനത്തിന്റെ ഭാഗമായി എത്ര പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയതെന്നും അതിന്റെ പ്രവർത്തന പുരോഗതിയും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്ര രൂപ വീതമാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയിൽ ഇതിനകം ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഇ) ഇനിയും പൂർത്തിയാക്കാനുള്ള മറ്റ് പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): (എ) അമൃത് പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ 6 കോർപ്പറേഷനുകളിലും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് എന്നീ മുനിസിപ്പാലിറ്റികളിലുമായി 2379.69 കോടി രൂപയുടെ 1106 പദ്ധതികളാണ് ഏറ്റെടുത്തിട്ടുള്ളത്. അഞ്ച് സെക്ടറുകളിലായാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. ഇതിൽ ജലവിതരണ സെക്ടറിൽ ഉൾപ്പെടുത്തി 1454.20 കോടി രൂപയുടെ 216 പദ്ധതികളും സ്വീവേജ് ആന്റ് സെപ്റ്റേജ് സെക്ടറിൽ ഉൾപ്പെടുത്തി 349.75 കോടി രൂപയുടെ 151 പദ്ധതികളും സ്റ്റോം വാട്ടർ ഡ്രെയിനേജ് സെക്ടറിൽ ഉൾപ്പെടുത്തി 340.51 കോടി രൂപയുടെ 535 പദ്ധതികളും അർബൻ

ട്രാൻസ്പോർട്ട് സെക്ടറിൽ ഉൾപ്പെടുത്തി 188.89 കോടി രൂപയുടെ 126 പദ്ധതികളും പാർക്ക് & ഓപ്പൺ സ്പെയ്സ് സെക്ടറിൽ ഉൾപ്പെടുത്തി 46.34 കോടി രൂപയുടെ 78 പദ്ധതികളുമാണുള്ളത്.

(ബി) അമൃത് രണ്ടാം ഘട്ടത്തിന്റെ ഭാഗമായി 3435.31 കോടി രൂപയുടെ 940 പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ഇതിൽ 2205.70 കോടി രൂപയുടെ 418 ജലവിതരണ പദ്ധതികളും 1061.09 കോടി രൂപയുടെ 68 സെപ്റ്റേജ് ആന്റ് സ്വീവറേജ് പദ്ധതികളും 132.98 കോടി രൂപയുടെ 384 ജലാശയ പുനരുദ്ധാരണ പദ്ധതികളും 35.54 കോടി രൂപയുടെ 70 പാർക്ക് നവീകരണ പദ്ധതികളും ഉൾപ്പെടുന്നു. ഇതിൽ 248 പദ്ധതികൾ പൂർത്തീകരിച്ചു. ശേഷിക്കുന്ന പദ്ധതികൾ നിർവഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

(സി) അമൃത് ഒന്നാം ഘട്ടം: കേന്ദ്ര വിഹിതം 1153.08 കോടി രൂപ, സംസ്ഥാന + നഗരസഭാ വിഹിതം: 1226.61 കോടി രൂപ (ടെണ്ടർ എക്സസ് ഉൾപ്പെടെ)

അമൃത് രണ്ടാം ഘട്ടം: കേന്ദ്ര വിഹിതം 1372 കോടി രൂപ, സംസ്ഥാന + നഗരസഭാ വിഹിതം 2063.31 കോടി രൂപ. (ടെണ്ടർ എക്സസ് ഉൾപ്പെടെ)

(ഡി) അമൃത് ഒന്നാം ഘട്ടത്തിൽ 1066 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. (ജലവിതരണ സെക്ടറിൽ 204 പദ്ധതികളും സ്വീവേജ് ആന്റ് സെപ്റ്റേജ് സെക്ടറിൽ 134 പദ്ധതികളും സ്റ്റോം വാട്ടർ ഡ്രെയിനേജ് സെക്ടറിൽ 527 പദ്ധതികളും അർബൻ ട്രാൻസ്പോർട്ട് സെക്ടറിൽ 123 പദ്ധതികളും പാർക്ക് സെക്ടറിൽ 78 പദ്ധതികളുമാണ് പൂർത്തീകരിച്ചിട്ടുള്ളത്). അമൃത് രണ്ടാം ഘട്ടത്തിൽ 248 പദ്ധതികളാണ് നാളിതുവരെ പൂർത്തീകരിച്ചിട്ടുള്ളത്. (ജലവിതരണ സെക്ടറിൽ 116 പദ്ധതികളും സ്വീവേജ് ആന്റ് സെപ്റ്റേജ് സെക്ടറിൽ 19 പദ്ധതികളും ജലാശയങ്ങളുടെ പുനരുദ്ധാരണ സെക്ടറിൽ 113 പദ്ധതികളുമാണ് പൂർത്തീകരിച്ചിട്ടുള്ളത്.)

(ഇ) അമൃത് ഒന്നാം ഘട്ടത്തിൽ 40 പദ്ധതികളാണ് പൂർത്തീകരിക്കാനുള്ളത്. (ജലവിതരണ സെക്ടറിൽ 12 പദ്ധതികളും സ്വീവറേജ് & സെപ്റ്റേജ് സെക്ടറിൽ 17 പദ്ധതികളും സ്റ്റോം വാട്ടർ ഡ്രെയിനേജ് സെക്ടറിൽ 8 പദ്ധതികളും അർബൻ ട്രാൻസ്പോർട്ട് സെക്ടറിൽ 3 പദ്ധതികളുമാണ് പൂർത്തീകരിക്കാനുള്ളത് ).

അമൃത് രണ്ടാം ഘട്ടത്തിൽ ഭരണാനുമതി നൽകിയിട്ടുള്ള 692 പദ്ധതികളാണ് പൂർത്തീകരിക്കാനുള്ളത്. ഇവ നിർവഹണത്തിന്റെ വിവിധ

ഘട്ടങ്ങളിലാണ്. (ജലവിതരണ സെക്ടറിൽ 302 പദ്ധതികളും സ്വീവറേജ് ആന്റ് സെപ്റ്റേജ് സെക്ടറിൽ 49 പദ്ധതികളും ജലാശയങ്ങളുടെ പുനരുദ്ധാരണ സെക്ടറിൽ 271 പദ്ധതികളും പാർക്ക് സെക്ടറിൽ 70 പദ്ധതികളുമാണ് പൂർത്തീകരിക്കാനുള്ളത്). കൂടാതെ ജലവിതരണ സെക്ടറിൽ 10 പദ്ധതികൾ സ്വീവറേജ് ആന്റ് സെപ്റ്റേജ് സെക്ടറിൽ 3 പദ്ധതികൾ, പാർക്ക് സെക്ടറിൽ 3 പദ്ധതികൾ എന്നിവയ്ക്ക് ഭരണാനുമതി നൽകേണ്ടതുണ്ട്.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, കേന്ദ്രാവിഷ്കൃത പദ്ധതിയായ അമൃത് പദ്ധതിയിൽ 50:30:20 എന്ന അനുപാതത്തിലാണ് ഫണ്ട് ചെലവഴിക്കുന്നത്. കേന്ദ്രഗവൺമെന്റ് പ്രഖ്യാപിക്കുന്ന പദ്ധതികളിലെല്ലാം ആനുപാതികമായി സംസ്ഥാന സർക്കാരുകളുടെ മേൽ സാമ്പത്തിക ബാധ്യത വരുന്നുണ്ട്. എന്റെ ചോദ്യമിതാണ്, അമൃത് പദ്ധതി പ്രകാരം എത്ര രൂപയാണ് കേന്ദ്രസർക്കാർ കേരളത്തിന് നൽകിയിട്ടുള്ളത്; സംസ്ഥാന വിഹിതം എത്രയായിരുന്നു; എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, അമൃത് പദ്ധതിക്ക് രണ്ടുഘട്ടങ്ങളുണ്ട്. രണ്ടുഘട്ടത്തിലും ബഹുമാന്യനായ അംഗം പറഞ്ഞതുപോലെ 50:30:20

എന്നതല്ല അനുപാതമായി വച്ചിട്ടുള്ളത്. ഒന്നാംഘട്ടത്തിൽ കേന്ദ്രസർക്കാരിന്റെ വിഹിതം 50 ശതമാനവും സംസ്ഥാന സർക്കാരിന്റെ 30 ശതമാനവും നഗരസഭകളുടെ 20 ശതമാനവുമാണ്. അതായത്, ഒന്നാംഘട്ടത്തിൽ കേന്ദ്രസർക്കാർ പകുതിയും സംസ്ഥാന സർക്കാരും നഗരസഭകളും ചേർന്ന് പകുതി വിഹിതവുമാണ് വഹിക്കുന്നത്. എന്നാൽ അമൃത് രണ്ടാം ഘട്ടത്തിൽ (അമൃത് 2.O) ഒരു ലക്ഷത്തിനും പത്തുലക്ഷത്തിനുമിടയിൽ ജനസംഖ്യയുള്ള തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ കോർപ്പറേഷനുകളിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ കേന്ദ്രവിഹിതം കുറവാണ്. 33.3 ശതമാനം മാത്രമേ കേന്ദ്രവിഹിതമുള്ളൂ. അത്രയും സംസ്ഥാന വിഹിതവും നഗരസഭാ വിഹിതവുമുണ്ട്. പേര് കേന്ദ്ര സർക്കാരാണ് നിശ്ചയിക്കുന്നത് എന്നുമാത്രമേയുള്ളൂ, തുക കൂടുതൽ മുടക്കേണ്ടത് പലപ്പോഴും സംസ്ഥാനമാണ്. രണ്ടാംഘട്ടത്തിൽ മറ്റൊരു കാറ്റഗറിയുണ്ട്. ഒരു ലക്ഷത്തിനും പത്തുലക്ഷത്തിനുമിടയിൽ ജനസംഖ്യയുള്ള ആലപ്പുഴ, കോട്ടയം, പാലക്കാട് എന്നീ മുനിസിപ്പാലിറ്റികളിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ കേന്ദ്ര വിഹിതം 33.3 ശതമാനമാണ്. സംസ്ഥാന വിഹിതം 50 ശതമാനമാണ്. അവിടെ

കേന്ദ്ര വിഹിതത്തേക്കാൾ കൂടുതലാണ് സംസ്ഥാന വിഹിതം. നഗരസഭാ വിഹിതം 16.7 ശതമാനവുമാണ്. ഒരു ലക്ഷത്തിന് താഴെ ജനസംഖ്യയുള്ള മുനിസിപ്പാലിറ്റികൾക്ക് വേറൊരു ഘടനയാണ്. അദ്ദേഹം വളരെ സമഗ്രമായ ഒരു ചോദ്യമാണ് ചോദിച്ചത്. അമൃത് പദ്ധതി ഒന്നാംഘട്ടത്തിൽ കേന്ദ്രവിഹിതം 1153.8 കോടി രൂപയും സംസ്ഥാന വിഹിതം ( നഗരസഭാ വിഹിതം ഉൾപ്പെടെ) 1226.61 കോടി രൂപയുമായിരുന്നു. അനുപാതം 50:50 ആണെങ്കിലും ടെൻഡർ എക്സസ് സംസ്ഥാനത്തിന്റെ ബാധ്യതയായി വരുന്നതിനാൽ സംസ്ഥാന വിഹിതം വർധിക്കും. അമൃത് ഒന്നാം ഘട്ടത്തിൽ 1106 പദ്ധതികളാണ് ഏറ്റെടുത്തത്. അതിൽ 1066 പദ്ധതികളും പൂർത്തിയാക്കിയിട്ടുണ്ട്. 40 പദ്ധതികളാണ് ബാക്കിയുള്ളത്. നേരത്തെ ബഹുമാന്യനായ മാത്യു ടി. തോമസ് ചോദിച്ച ചോദ്യത്തിന്റെ ഉത്തരം കൂടി ഇതിലടങ്ങിയിട്ടുണ്ട്. ആ 40 പദ്ധതികളിൽ 17 പദ്ധതികൾ സ്വീവേജ് & സെപ്റ്റേജ് സെക്ടറിലുള്ളതാണ്. ഈ മേഖലയിലുള്ള ദ്രവമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട 17 പദ്ധതികളാണ് നമുക്ക് പൂർത്തിയാക്കാൻ അവശേഷിക്കുന്നത്. ബാക്കിയെല്ലാ പദ്ധതികളിലും വലിയ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. അമൃത് രണ്ടാംഘട്ടത്തിന്റെ ഭാഗമായി

3435.31 കോടി രൂപയുടെ 940 പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയത്. അതിൽ 248 പദ്ധതികൾ പൂർത്തിയാക്കി, മറ്റുള്ളവ പുരോഗമിച്ചുവരികയാണ്.

ശ്രീ. കെ. ബാബു: സർ, പുതുതായി തിരഞ്ഞെടുപ്പ് നടന്ന തിരുവനന്തപുരം കോർപ്പറേഷനിൽ നഗരവികസനത്തിന്റെ പുതിയ രേഖ പ്രഖ്യാപിക്കും എന്നുപറഞ്ഞ് ഇന്ത്യയുടെ പ്രധാനമന്ത്രി വന്നു, കണ്ടു, പോയി. വിയറ്റ്നാം കോളനിയിലെ ശങ്കരാടി കാണിച്ച ആ കൈ രേഖയല്ലാതെ മറ്റൊരു രേഖയും പ്രഖ്യാപിച്ചതായി കണ്ടില്ല. എന്റെ ചോദ്യമിതാണ്, മൂലധന നിക്ഷേപത്തിനായി സംസ്ഥാനത്തിന് പ്രത്യേക പ്രോത്സാഹനമായി എത്ര തുക ലഭിച്ചിട്ടുണ്ട്?

ശ്രീ. എം. ബി. രാജേഷ്: സർ, അമൃത് പദ്ധതയിൽ ലഭിച്ച തുകയുടെ കാര്യം ഞാൻ ഇവിടെ പറഞ്ഞു കഴിഞ്ഞു. രേഖയുടെ കാര്യം അദ്ദേഹത്തിന് അറിവുള്ളതുപോലെ മാത്രമേ എനിക്കും അറിവുള്ളൂ. പത്രത്തിൽ ഞാനും ബ്ലൂ പ്രിന്റിന്റെ കാര്യം കണ്ടിരുന്നു. അതിനുശേഷം ബ്ലൂ പ്രിന്റ് ഇല്ലെന്നുള്ള

കാര്യവും പത്രത്തിൽ കണ്ടിരുന്നു. അതുസംബന്ധിച്ച് ആധികാരികമായ ഒരു വിവരവും സർക്കാരിന്റെ കൈവശമില്ല.

ശ്രീ. പി. മമ്മിക്കുട്ടി: സർ, ഞാൻ ചോദിക്കാനുദ്ദേശിച്ച ചോദ്യങ്ങൾക്കുള്ള മറുപടി അദ്ദേഹം പറഞ്ഞുകഴിഞ്ഞു. ഏതായാലും കേന്ദ്രാവിഷ്കൃത പദ്ധതിയായ അമൃത് പദ്ധതിയുടെ നടത്തിപ്പിലും തൊഴിലുറപ്പ് പദ്ധതിയുടെ അനുഭവം തന്നെയാകുമോ ഉണ്ടാകുന്നത്?

ശ്രീ. എം. ബി. രാജേഷ്: സർ, അമൃത് പദ്ധതിയിലും തൊഴിലുറപ്പ് പദ്ധതിയുടെ അനുഭവം നേരത്തെ ഉണ്ടായിക്കഴിഞ്ഞു. ഒന്നാം ഘട്ടത്തിൽ 50 ശതമാനമായിരുന്നു കേന്ദ്ര വിഹിതം. രണ്ടാം ഘട്ടം വന്നപ്പോൾ പത്തുലക്ഷം വരെ ജനസംഖ്യയുള്ള കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും അത് 33 ശതമാനമായി കുറഞ്ഞു. വെട്ടിക്കുറവ് അമൃത് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ തന്നെ വരുത്തിക്കഴിഞ്ഞിട്ടുണ്ട്. തൊഴിലുറപ്പിൽ നേരത്തെ നൂറു ശതമാനമായിരുന്നു കേന്ദ്ര വിഹിതം. ഇപ്പോൾ അത് അനുവദിക്കുന്ന തൊഴിലിന് 60:40 എന്ന അനുപാതത്തിലാക്കിയിട്ടുണ്ട്. ഇനി കേന്ദ്രം അനുവദിക്കുന്ന തൊഴിൽ പരിമിതമാണെങ്കിൽ, കൂടുതൽ തൊഴിൽ

സൃഷ്ടിച്ചാൽ നൂറുശതമാനവും സംസ്ഥാന സർക്കാർ തന്നെ വഹിക്കണം എന്നതാണ് നിലവിലെ അവസ്ഥ.

ശ്രീ. പി. ടി. എ. റഹീം: സർ, വിവിധ പദ്ധതികൾക്കായി പൊളിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ കരാറുകാർ പുനരുദ്ധരിക്കുന്നില്ല. പുനരുദ്ധരിച്ചാൽത്തന്നെ പൊളിച്ച ഭാഗം മാത്രം പുന:സ്ഥാപിക്കുകയാണ് ചെയ്യുന്നത്. ഇത് മൊത്തം റോഡിന്റെ വീതിയുടെ നാലിലൊന്നുപോലും വരില്ല. ഈ സാഹചര്യത്തിൽ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വിഹിതം ഉപയോഗിച്ച് റോഡ് മുഴുവനും റീസ്റ്റോർ ചെയ്യാൻ സാധിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, ജൽ ജീവൻ മിഷന്റെ പൈപ്പിടുന്നതിന്റെ ഭാഗമായിട്ടാണ് പ്രധാനമായും തദ്ദേശ റോഡുകൾക്ക് കേടുപാടുകൾ സംഭവിക്കുന്നത്. അതുകൂടി കണക്കിലെടുത്താണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി രണ്ടാം ഘട്ടം സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചത്. ആയിരം കോടി രൂപയാണ് ആദ്യം ഉദ്ദേശിച്ചതെങ്കിലും ടെൻഡർ എക്സസ്സ് കൂടി വന്നപ്പോൾ ഏതാണ്ട് 200 കോടി രൂപ കൂടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വർധിപ്പിച്ച് നൽകിയിട്ടുണ്ട്.

3500-ലേറെ റോഡുകൾക്ക് ഭരണാനുമതി ലഭിക്കുകയും നല്ല രീതിയിൽ അതിന്റെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്. ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പൊളിച്ച റോഡുകൾ തദ്ദേശ സ്ഥാപനത്തിന്റെ ഫണ്ടുപയോഗിച്ച് അടിയന്തിരമായി പുനർനിർമ്മിക്കുവാനും പിന്നീട് ഫണ്ട് റീക്ലപ്പ് ചെയ്തു കൊടുക്കാനുമുള്ള ഒരു തീരുമാനം സർക്കാരിന്റെ പരിഗണനയിലാണ്. എത്രയും പെട്ടെന്ന് അതുസംബന്ധിച്ച തീരുമാനം ഉണ്ടാകുമെന്ന കാര്യം അറിയിക്കുകയാണ്.

<u>ശ്രീ. എം. വിജിൻ</u>: സർ, അമൃത് പദ്ധതിയുടെ ഭാഗമായി രാജ്യത്തിന് മാതൃകയാകുന്ന എന്തെല്ലാം പദ്ധതികളും പ്രവർത്തനങ്ങളുമാണ് സംസ്ഥാനം ഏറ്റെടുത്തത്; ഈ പ്രവൃത്തികളുടെ പൂർത്തീകരണത്തിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോയെന്ന് വിശദീകരിക്കാമോ?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, അമൃത് പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ കാര്യം ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. അമൃത് പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 1106 പദ്ധതികളിൽ 1066 പദ്ധതികൾ പൂർത്തിയാക്കി കഴിഞ്ഞു. തൃശ്ശൂർ കോർപ്പറേഷന്റെ ആകാശപാത (സ്കൈ വാക്ക്) അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തിയ മാതൃകാപരമായിട്ടുള്ള ഒരു പദ്ധതിയാണ്. ഇപ്പോളിത്

സിനിമാ ഷൂട്ടിംഗിന്റെ ഒരു കേന്ദ്രമായി മാറിയിരിക്കുകയാണ്. എയർ കണ്ടീഷൻ ചെയ്ത സ്കൈ വാക്ക് ദേശീയതലത്തിൽത്തന്നെ മാതൃകയായി അംഗീകരിച്ചിട്ടുള്ളതും അനേകം ആളുകളെ ആകർഷിക്കുന്നതുമായൊരു പദ്ധതിയാണ്. അതുപോലെ നിരവധി സവിശേഷ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. നടപ്പാക്കിയ പദ്ധതികളുടെയെല്ലാം വിശദാംശങ്ങൾ നിലവിൽ കൈവശമില്ല. എണ്ണവും തുകയും മാത്രമേ ഇപ്പോൾ പറയാൻ സാധിക്കുകയുള്ളൂ.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, ഏകദേശം 50 വർഷം മുമ്പ് നടപ്പിലാക്കിയ ഒരു കുടിവെള്ള പദ്ധതിയാണ് പുനലൂരിൽ നിലവിലുള്ളത്. ഈ പദ്ധതി മുഴുവൻപേർക്കും കുടിവെള്ളമെത്തിക്കാൻ പര്യാപ്തമല്ല. ഏകദേശം 75 ശതമാനം ആളുകൾക്കുമാത്രമാണിപ്പോൾ കുടിവെള്ളം ലഭിക്കുന്നത്. അതുകൊണ്ട് അമൃത് പദ്ധതിയുടെ ഭാഗമായി അവിടെ ഒരു പുതിയ കുടിവെള്ള പദ്ധതി നടപ്പാക്കാൻ സാധിക്കുമോ?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, ഈ ചോദ്യത്തിന് ഇപ്പോൾ മറുപടി പറയാൻ സാധിക്കുകയില്ല.

**കൊച്ചി ജലമെട്രോ പദ്ധതി**

(*5) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ചുമതലപ്പെടുത്തിയ പ്രകാരം
(ശ്രീമതി യു. പ്രതിഭ):
ശ്രീ. കെ. ജെ. മാക്സി:
ശ്രീമതി ദെലീമ ചുമതലപ്പെടുത്തിയ പ്രകാരം
(ശ്രീ. കടകംപള്ളി സുരേന്ദ്രൻ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി ജലമെട്രോ ഇതിനകം ആഗോള ശ്രദ്ധയാകർഷിച്ചിട്ടുണ്ടെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കാമോ;

(ബി) കൊച്ചി ജലമെട്രോ മാതൃകയിൽ ജലഗതാഗത മാർഗങ്ങൾ ഒരുക്കുവാൻ പിന്തുണ ആവശ്യപ്പെട്ട് വിവിധ സംസ്ഥാന സർക്കാരുകളും രാജ്യങ്ങളും സമീപിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(സി) മുംബൈ അടക്കമുള്ള ഏതെല്ലാം നഗരങ്ങളിൽനിന്നുമാണ് ജലമെട്രോ സാധ്യതാപഠനത്തിനായി കൊച്ചി ജലമെട്രോ ലിമിറ്റഡിനെ സമീപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) യാത്രാസൗകര്യങ്ങൾ വർധിപ്പിക്കുന്നതിനും ഫോർട്ട്കൊച്ചിയും മട്ടാഞ്ചേരിയും അടങ്ങുന്ന വൈവിധ്യപൂർണ്ണമായ പ്രദേശങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നതിനുമുള്ള കണ്ണിയായി മാറുന്നതിനും മട്ടാഞ്ചേരി ജലമെട്രോ പദ്ധതിക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഇ) കൊച്ചി ജലമെട്രോയുടെ വികസനത്തിന്റെ ഭാഗമായി ഏതെല്ലാം ടെർമിനലുകളുടെ പ്രവർത്തനങ്ങളാണ് പുരോഗമിച്ചുവരുന്നതെന്ന് അറിയിക്കാമോ; പ്രവൃത്തികൾ ഓരോന്നും എന്നേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, (എ) ഉണ്ട്. വാട്ടർ മെട്രോ അന്താരാഷ്ട്ര ശ്രദ്ധയാകർഷിച്ച കേരള മോഡൽ സുസ്ഥിര ജലഗതാഗത പദ്ധതിയാണ്. ന്യൂയോർക്ക് ആസ്ഥാനമായ ഐ.ടി.ഡി.പി., ബ്രസൽസ് ആസ്ഥാനമായ യു.ഐ.ടി.പി., പാരീസ് ആസ്ഥാനമായ ഗസീസ് തുടങ്ങി നിരവധി അന്താരാഷ്ട്ര പുരസ്കാരങ്ങൾ വാട്ടർ മെട്രോയ്ക്ക് ലഭിച്ചിട്ടുണ്ട്. കൂടാതെ, 2024-ലെ യു.എൻ. ഹാബിറ്റാറ്റ് സിറ്റീസ് റിപ്പോർട്ടിൽ വാട്ടർ മെട്രോ ഫീച്ചർ ചെയ്യപ്പെട്ടിട്ടുണ്ട്. വാട്ടർ മെട്രോയ്ക്ക്

ലഭിച്ചിട്ടുള്ള വിവിധ അവാർഡുകളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.+

ഇന്ത്യയിലെ 18 നഗരങ്ങളിൽ വാട്ടർ മെട്രോയുടെ സാധ്യതാപഠനം നടക്കുകയാണ്. കൂടാതെ, സൗത്ത് ഏഷ്യ, ആഫ്രിക്ക തുടങ്ങിയ ഭൂഖണ്ഡങ്ങളിലെ നിരവധി രാജ്യങ്ങൾ വാട്ടർ മെട്രോ ആധാരമാക്കി ജലഗതാഗതം ആധുനികവൽകരിക്കാനുള്ള സാധ്യതകൾ തേടിയിട്ടുണ്ട്. കേരളം ലോകത്തിന് മാതൃകയാകുന്ന കേരള മോഡൽ വികസന പദ്ധതിയാണ് "വാട്ടർ മെട്രോ" എന്ന് ഇതുവഴി തെളിയിക്കപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. കേരളം ഉൾപ്പെടെ 9 (ഒൻപത്) സംസ്ഥാനങ്ങളിലും 3 (മൂന്ന്) കേന്ദ്ര ഭരണപ്രദേശങ്ങളിലും കൊച്ചി ജലമെട്രോ മാതൃകയിൽ ജലഗതാഗത മാർഗങ്ങൾ ഒരുക്കുവാനുള്ള സാധ്യതാപഠനത്തിനായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനെ ഇൻലാൻഡ് വാട്ടർ അതോറിറ്റി ഓഫ് ഇന്ത്യ (IWAI) സമീപിച്ചിട്ടുണ്ട്. പഠനങ്ങൾ നിലവിൽ പുരോഗമിച്ചുവരികയാണ്.

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഇതിനുപുറമേ, പല വിദേശ രാജ്യങ്ങളും ഇക്കാര്യത്തിന് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനെ സമീപിച്ചിട്ടുണ്ട്.

(സി) മുംബൈ അടക്കം 18 നഗരങ്ങളിൽ സാധ്യതാപഠനത്തിനായി ഇൻലാൻഡ് വാട്ടർ അതോറിറ്റി ഓഫ് ഇന്ത്യ (IWAI) കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനെ സമീപിച്ചിട്ടുള്ളതും ആയതിന്റെ സാധ്യതാപഠനം പുരോഗമിച്ച് വരികയുമാണ്. പ്രസ്തുത നഗരങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ഡി) ഉണ്ട്. കേരളത്തിന്റെ പൈതൃക നഗരങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഫോർട്ട്കൊച്ചി, മട്ടാഞ്ചേരി പ്രദേശങ്ങൾ തനത് സാംസ്കാരിക പാരമ്പര്യവും ചരിത്രത്തിന്റെ വിവിധ നാഴികക്കല്ലുകളും ഉൾപ്പെട്ട പ്രധാന പ്രദേശങ്ങളിലൊന്നാണ്. ആയതിനാൽ, പ്രസ്തുത പ്രദേശങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നത് അവയുടെ സമഗ്ര വികസനത്തിന് വഴിതെളിയിക്കുന്നതാണ്. വാട്ടർ മെട്രോ സർവീസ് ആരംഭിച്ചതിനുശേഷം ഇവിടേയ്ക്കുള്ള യാത്രാക്കാരുടെ എണ്ണത്തിൽ ഗണ്യമായ വർധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. മട്ടാഞ്ചേരി റൂട്ട് തുടങ്ങിയതിനുശേഷം ഇതിനോടകം

---
\+ അനുബന്ധമായി ചേർത്തിട്ടുണ്ട്

മൂന്ന് ലക്ഷത്തിൽപ്പരം യാത്രക്കാർ വാട്ടർ മെട്രോ ഉപയോഗിച്ച് യാത്ര ചെയ്തിട്ടുണ്ട്.

(ഇ) കുമ്പളം, കടമക്കുടി, പാലിയംതുരുത്ത് തുടങ്ങിയ ടെർമിനലുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നിലവിൽ അന്തിമഘട്ടത്തിലാണ്. പ്രസ്തുത റൂട്ടുകളിലെ ഡ്രെഡ്ജിങ്ങിനുള്ള ടെൻഡർ നടപടികൾ പുരോഗമിച്ചുവരികയാണ്.

എറണാകുളം, തോപ്പുംപടി, ഇടക്കൊച്ചി, വരാപ്പുഴ എന്നീ ടെർമിനലുകളുടെ നിർമ്മാണത്തിനുള്ള ടെൻഡർ നടപടികൾ സ്വീകരിച്ചുവരുന്നു.

<u>ശ്രീ. കെ. എൻ. ഉണ്ണിക്യഷ്ണൻ</u>: സർ, ആഗോളശ്രദ്ധ നേടുംവിധമുള്ള വരുമാനത്തിലും അന്താരാഷ്ട്ര നിലവാരത്തിലും കൊച്ചി ജലമെട്രോയെ എത്തിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അഭിനന്ദിക്കുന്നു. വൈപ്പിൻ നിയോജകമണ്ഡലത്തിലെ വാട്ടർ മെട്രോ പദ്ധതിയിലുൾപ്പെടുത്തിയ 14 ടെർമിനലുകളിൽ മുളവുകാട് നോർത്ത്, കടമക്കുടി, പാലിയംതുരുത്ത്

ടെർമിനലുകളുടെ പണി പൂർത്തീകരിച്ച സാഹചര്യത്തിൽ എത്രയും വേഗം അത് ഉദ്ഘാടനം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അതെല്ലാം അന്തിമ ഘട്ടത്തിലാണെന്ന് നേരത്തെ പറഞ്ഞിരുന്നു. പണി പൂർത്തീകരിച്ച് കഴിഞ്ഞാൽ ഉദ്ഘാടനത്തിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

<u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: സർ, മുളവുകാട് പഞ്ചായത്ത്, പൊന്നാരിമംഗലം, ചേന്നൂർ, കോക്കാട്, പിഴല, തുരുത്തുംകടവ്, ചരിയംതുരുത്ത്, ഇളങ്കുന്നപ്പുഴ, മൂലമ്പിള്ളി എന്നീ ടെർമിനലുകളുടെ നിർമ്മാണ പ്രവർത്തനം എത്രയുംവേഗം ആരംഭിക്കുവാനും ദേശീയ ജലപാതയുടെ സാമിപ്യവും സാധ്യതയും കൂടി കണക്കിലെടുത്ത് ഞാറയ്ക്കൽ, വലിയവട്ടം, ഞാറയ്ക്കൽ കിഴക്കേ മഞ്ഞനക്കാട്, നായരമ്പലം, നെടുങ്ങാട്, എടവനക്കാട്, കടയ്ക്കര, പുൽപ്പള്ളി, മനപ്പള്ളി, ചെറായി സഹോദരൻ അയ്യപ്പ സ്മാരകം എന്നീ മേഖലകളിലേയ്ക്കു കൂടി നീട്ടി വിനോദ സഞ്ചാരം പ്രോത്സാഹിപ്പിക്കാനും യാത്രാക്ലേശം പരിഹരിക്കാനും നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, വൈപ്പിൻ നിയോജകമണ്ഡലം മാത്രമല്ല, മറ്റ് കുറേ പ്രദേശങ്ങൾകൂടി ഇതിൽ ഉൾപ്പെട്ടിട്ടുണ്ടെന്നാണ് തോന്നുന്നത്. ഏതായാലും അതിന്റെ സാധ്യത പരിശോധിക്കാം.

ശ്രീമതി യു. പ്രതിഭ: സർ, കേരളത്തിന്റെ വാട്ടർ മെട്രോ റിപ്പബ്ലിക്ക് ദിന പരേഡിൽ പോലും ഏറ്റവും ശ്രദ്ധ ആകർഷിച്ചിരുന്നു. കേരള ഗവൺമെന്റ് നടത്തുന്ന വാട്ടർ മെട്രോ ഇന്ന് ഇന്ത്യയിലെ പല നഗരങ്ങൾക്കും മാതൃകയാവുകയാണ്. കുട്ടനാട് പോലെയുള്ള വളരെ മനോഹരമായ ഭൂപ്രകൃതിയുള്ള സ്ഥലത്ത് ഇന്നും ധാരാളം ആളുകളാണ് ജലഗതാഗതത്തെ ആശ്രയിക്കുന്നത്. ദിനംപ്രതി ആയിരക്കണക്കിന് ആളുകളും സഞ്ചാരികളും വരുന്ന അവിടേയ്ക്ക് വാട്ടർ മെട്രോ തുടങ്ങുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇപ്പോൾ ആരംഭിച്ച വാട്ടർ മെട്രോ വളരെ വിജയകരമായി നടന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ മാതൃകയിൽ എവിടെയൊക്കെ ആരംഭിക്കാൻ കഴിയുമെന്നത് ഭാവിയിൽ ആലോചിക്കാവുന്നതാണ്.

ശ്രീ. കെ. ജെ. മാക്സി: സർ, കെ.എസ്.ആർ.ടി.സി.-യുടെ ബജറ്റ് ടൂറിസം പദ്ധതിയും ജലമെട്രോയുമായി സഹകരിച്ച് കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നത് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, നിലവിൽ വിനോദ സഞ്ചാരികൾ നല്ലതുപോലെ ആകർഷിക്കപ്പെടുന്നുണ്ട്. വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് ചെയ്യേണ്ടതായ കാര്യങ്ങൾ ഇനിയും ചെയ്യുന്നതാണ്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ജലഗതാഗത മേഖലയ്ക്ക് പ്രാധാന്യം നൽകുന്ന വാട്ടർ മെട്രോ അന്താരാഷ്ട്ര നിലവാരമുള്ളതും ലോകത്തിന്റെ സജീവ ശ്രദ്ധ ആകർഷിച്ചിട്ടുള്ളതുമായ ഒരു പദ്ധതിയാണ്. പാർവ്വതി പുത്തനാർ ശുദ്ധീകരിച്ച് ജലഗതാഗതത്തിന് സജ്ജമാക്കുകയെന്നുള്ളതും അങ്ങയുടെ ഗവൺമെന്റ് ആവിഷ്കരിച്ച പദ്ധതിയാണ്. ഇതിന്റെ ഒന്നാം ഘട്ടവും രണ്ടാം ഘട്ടവും പൂർത്തീകരിച്ചുകഴിഞ്ഞിട്ടുണ്ട്. അവസാന ഘട്ടം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, തീർച്ചയായും സ്വീകരിക്കും. കോവളം മുതൽ ചേറ്റൂർ വരെയുള്ള ജലപാത ഓപ്പറേറ്റ് ചെയ്യാനുള്ള നടപടികൾ അടുത്ത മാസം പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. വി. ജോയി: സർ, ദേശീയ ജലഗതാഗത പാതയുടെ കോവളം മുതൽ കൊല്ലം വരെ വരുന്ന ഭാഗം പണി പൂർത്തിയായി വരികയാണ്. അത് ഉദ്ഘാടനം ചെയ്യാനുള്ള തീരുമാനം എടുത്തിട്ടുണ്ടോ എന്നത് സംബന്ധിച്ച് അറിയിക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, തൊട്ടുമുമ്പുള്ള ഉപചോദ്യത്തിന് മറുപടിയായി ഞാൻ പറഞ്ഞത് അതാണ്. അടുത്തമാസം ആ ഭാഗം പൂർത്തീകരിച്ച് നാടിന് സമർപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**അവയവമാറ്റ ശസ്ത്രക്രിയകൾ**

(*6) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ വൻകിട സ്വകാര്യ ആശുപത്രികളിൽ മാത്രം നടത്തിവന്നിരുന്ന അവയവമാറ്റ ശസ്ത്രക്രിയകൾ സംസ്ഥാനത്തെ സർക്കാർ

ആശുപത്രികളിൽ വിജയകരമായി നടപ്പാക്കാൻ കഴിഞ്ഞത് അഭിമാനകരമായ നേട്ടമായി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സർക്കാർ ആശുപത്രികളിലാണ് അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തുന്നതിന് ആവശ്യമായ പശ്ചാത്തല-സാങ്കേതിക സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ളതെന്ന വിവരം ലഭ്യമാണോ; അറിയിക്കാമോ;

(സി) നിലവിൽ ഏതെല്ലാം സർക്കാർ ആശുപത്രികളിൽ ഏതെല്ലാം അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തിവരുന്നുണ്ടെന്നുള്ള വിവരം ലഭ്യമാണോ; അറിയിക്കാമോ;

(ഡി) സംസ്ഥാനത്ത് അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനും അവയവമാറ്റ ശസ്ത്രക്രിയകൾ വ്യാപിപ്പിക്കുന്നതിനും സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വിശദമാക്കാമോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, (എ) വൻകിട സ്വകാര്യ ആശുപത്രികളിൽ മാത്രം നടന്നുവന്നിരുന്ന അവയവ മാറ്റ ശസ്ത്രക്രിയകൾ സംസ്ഥാനത്തെ സർക്കാർ

ആശുപത്രികളിൽ നടത്താൻ കഴിയുന്ന എന്നത് സർക്കാരിന്റെ അഭിമാന നേട്ടമായി കരുതുന്നു. അവയവസ്തംഭനം മൂലം ബുദ്ധിമുട്ട് അനുഭവിക്കുന്ന രോഗികൾക്ക് അവയവമാറ്റം മാത്രമാണ് ഏക ചികിത്സാമാർഗം. ഏറെ ചെലവ് വരുന്ന പ്രസ്തുത ചികിത്സ സാധാരണ ജനങ്ങൾക്കും ലഭ്യമാകുന്ന രീതിയിൽ തികച്ചും സൗജന്യമായി ചെയ്യുന്നതിന് സർക്കാർ ആശുപത്രികളിൽ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ഈ സൗകര്യം ലഭ്യമാണ്. കൂടാതെ, എറണാകുളം ജനറൽ ആശുപത്രിയിൽ അവയവമാറ്റ ശസ്ത്രക്രിയ സൗകര്യം ഒരുക്കി വളരെ നല്ല രീതിയിൽ ശസ്ത്രക്രിയകൾ നടന്നുവരുന്നുണ്ട്. ഒരു ജനറൽ ആശുപത്രിയിൽ അവയവമാറ്റ ശസ്ത്രക്രിയ സൗകര്യം ലഭ്യമാക്കുന്നത് രാജ്യത്ത് തന്നെ ആദ്യമായാണ്. കൂടാതെ രാജ്യത്ത് ആദ്യമായി ഒരു ജനറൽ ആശുപത്രിയിൽ ഹൃദയമാറ്റ ശസ്ത്രക്രിയ നടത്തുന്നതും എറണാകുളം ജനറൽ ആശുപത്രിയിലാണ്. ഇത്തരത്തിൽ അവയവമാറ്റ ശസ്ത്രക്രിയ രംഗത്ത് രാജ്യത്തിന് തന്നെ മാതൃകയാകുന്ന വമ്പിച്ച മുന്നേറ്റങ്ങൾ ഉണ്ടാക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം എറണാകുളം ജനറൽ ആശുപത്രിയിൽ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ തുടങ്ങിയവ ആരംഭിച്ചു. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ത്വക്ക്, കരൾ എന്നിവയുടെ മാറ്റിവയ്ക്കൽ ആരംഭിക്കുകയും ത്വക്ക് ബാങ്ക് പ്രവർത്തനസജ്ജമാകുകയും ചെയ്തു. കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആരംഭിച്ചു.

(സി) സംസ്ഥാനത്ത് അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകളിലും ഒരു ജനറൽ ആശുപത്രിയിലും അവയവമാറ്റ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യങ്ങൾ ലഭ്യമാണ്. അതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**വൃക്ക**

1. സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം
2. സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം
3. സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ
4. സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട്
5. ജനറൽ ആശുപത്രി, എറണാകുളം

**കരൾ**

1. സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം

2. സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം

**ഹൃദയം**

1. സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം

2. ജനറൽ ആശുപത്രി, എറണാകുളം

**ശ്വാസകോശം**

1. സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം

കൂടാതെ റീജ്യണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഫ്ത്താൽമോളജി, തിരുവനന്തപുരം, ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം സർക്കാർ മെഡിക്കൽ കോളേജ്, തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളജ്, കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ കോർണിയ മാറ്റ ശസ്ത്രക്രിയകൾക്കുമുള്ള സൗകര്യവും ലഭ്യമാണ്.

(ഡി) അവയമാറ്റ ശസ്ത്രക്രിയകൾ വ്യാപിപ്പിക്കുന്നതിനും സമൂഹത്തിലെ സാമ്പത്തികമായി എറ്റവും വൈഷമ്യം നേരിടുന്നവർക്കുപോലും ആശ്രയിക്കാവുന്ന ഒരു ചികിത്സമാർഗമായി അവയവമാറ്റ ശസ്ത്രക്രിയകൾ മാറ്റുന്നതിനും സമഗ്രമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ, നാല് മെഡിക്കൽ കോളേജുകളിൽ ശ്വാസകോശം, ഹൃദയം ഉൾപ്പെടെയുള്ള അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തുന്നതിനുള്ള സജ്ജീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എറണാകുളം ജനറൽ ഹോസ്പിറ്റലിലും ഹൃദയം, വൃക്ക എന്നീ അവയവങ്ങൾ മാറ്റിവയ്ക്കാനാവശ്യമായ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. അവയവമാറ്റ രംഗത്ത് നാഴികക്കല്ലാവാൻ പോകുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ കോഴിക്കോട് ജില്ലയിലെ ചേവായൂരിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി 643.88 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനായി 60 ഡോക്ടർമാരുടെ തസ്തിക സൃഷ്ടിച്ചു. ചേവായൂരിലെ പ്രസ്തുത സ്ഥാപനത്തിന്റെ നിർമ്മാണം പൂർത്തിയാകുന്നതിന് മുമ്പുതന്നെ കോഴിക്കോട് മെഡിക്കൽ കോളേജിന്റെ PMSSY ബ്ലോക്കിൽ

താൽക്കാലികമായി ചികിത്സാ സൗകര്യം ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

കേരളത്തിലെ അവയവദാന വിന്യാസത്തിൽ കെ-സോട്ടോ നിർണായകമായ പങ്കുവഹിക്കുന്നു. ഈ മേഖലയിൽ സമഗ്രമായ മാറ്റം കൊണ്ടുവരുന്നതിനായി പ്രോട്ടോക്കോളുകളും മാതൃകാ പ്രവർത്തന നടപടിക്രമങ്ങളും (SOP) വികസിപ്പിക്കാൻ ഒരു വിദഗ്ധ പ്രവർത്തന സംഘത്തെയും (Expert Working Group) ഓരോ അവയവങ്ങൾക്കും പ്രത്യേക വൈദഗ്ധ്യമുള്ള കമ്മിറ്റികളെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് അവയവദാനം നടക്കുന്ന അവസരങ്ങളിൽ അവയവങ്ങൾ അതിവേഗം വിവിധ ട്രാൻസ്പ്ലാന്റ് സെന്ററുകളിൽ എത്തിക്കുന്നതിനായി സർക്കാർ സഹായത്തോടെ ഹെലികോപ്റ്റർ, ഗ്രീൻ ചാനൽ എന്നിവ ഒരുക്കിയിട്ടുണ്ട്.

നിലവിൽ സംസ്ഥാനത്തെ ICU, empanelled ഡോക്ടർമാർക്കും മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകിവരുന്നു. കൂടാതെ വിവിധ ആശുപത്രികളിലെ ട്രാൻസ്പ്ലാന്റ് കോർഡിനേറ്റർമാർക്ക് അവയവദാനം

സംബന്ധിച്ച് രോഗികളെയും അവരുടെ ബന്ധുക്കളെയും ബോധവൽക്കരിക്കുന്നതിനുള്ള പരിശീലനവും നൽകിവരുന്നു. അവയവദാനത്തിന്റെ പ്രാധാന്യം ജനങ്ങളിലെത്തിക്കാൻ 'ജീവനേകാം ജീവനാകാം' എന്ന പേരിൽ സോഷ്യൽ മീഡിയ ക്യാമ്പയിൻ നടപ്പാക്കി. അതിന്റെ രണ്ടാം ഘട്ടം ആരംഭിക്കാനുള്ള പദ്ധതി തയ്യാറാക്കിവരുന്നു. മരണാനന്തര അവയവദാനം ചെയ്ത വ്യക്തികളോടുള്ള ആദരസൂചകമായി സംഘടിപ്പിച്ച 'സ്മൃതി വന്ദനം' പരിപാടി ഇനി മുതൽ എല്ലാ വർഷവും ദേശീയ അവയവദാന ദിനത്തിൽ സംസ്ഥാനതലത്തിൽ സംഘടിപ്പിക്കും. ദാതാക്കളുടെ ഓർമ്മയ്ക്കായി 'വാർ മെമ്മോറിയൽ' മാതൃകയിൽ അവരുടെ പേരുകൾ ആലേഖനം ചെയ്ത പൊതുസ്മാരകം സർക്കാർ സഹകരണത്തോടെ നിർമ്മിക്കാനുള്ള പദ്ധതിയും സജീവ പരിഗണനയിലാണ്. തിരുവനന്തപുരം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ജീവൻദാനം ക്യാമ്പയിൻ ശ്രദ്ധയാകർഷിച്ചിരുന്നു. പദ്ധതി കളക്ടറേറ്റിലും ജില്ലയിലെ നാലായിരം കുടുംബശ്രീ പ്രവർത്തകർക്കിടയിലും പ്രചാരണം നടത്താൻ കാരണമാവുകയും റവന്യൂ, കുടുംബശ്രീ എന്നീ മേഖലകളിലെ അനേകം ജീവനക്കാർ അവയവദാന പ്രതിജ്ഞ എടുക്കുകയും ചെയ്തു. സർക്കാരിന്റെ പൊതുജന സമ്പർക്ക

പരിപാടികളിൽ കെ-സോട്ടോയുടെ സ്ഥിരം സാന്നിധ്യം ഉണ്ടാവുകയും അത് അവയവദാന അവബോധം സൃഷ്ടിക്കുന്നതിന് അവസരമാകുകയും ചെയ്യുന്നു.

ശ്രീ. എ. സി. മൊയ്തീൻ: സർ, കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളും ജനറൽ ഹോസ്പിറ്റലുകളും ഉൾപ്പെടെ അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിൽ നേടിയ പുരോഗതിയും നേട്ടവും നമ്മുടെ നാട് സമീപകാലത്ത് അനുഭവിച്ചതാണ്. എറണാകുളം ജനറൽ ഹോസ്പിറ്റലിൽ ഷിബു എന്ന കൊല്ലംകാരനായ ഒരു ചെറുപ്പക്കാരന്റെ ഹൃദയം നേപ്പാൾകാരിയായ ഒരു പെൺകുട്ടിക്ക് മാറ്റിവയ്ക്കാൻ സർക്കാർ ഇടപെട്ട് നടത്തിയ പരിശ്രമം ഏറെ ശ്രദ്ധേയമായിരുന്നു. ഈ മേഖലയിൽ ഇത്തരത്തിലുള്ള നേട്ടങ്ങൾ കൈവരിക്കാൻ ശ്രമിക്കുമ്പോൾ സർക്കാർ സംവിധാനത്തിൽ ചെലവ് കൂടുതലാണ് എന്നുപറഞ്ഞ് സോഷ്യൽ മീഡിയയിൽ ഉൾപ്പെടെ തെറ്റായ പ്രചാരവേല നടക്കുന്നത് അങ്ങയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് സ്വകാര്യ ആശുപത്രികളെ സഹായിക്കുന്ന രീതിയിലായി മാറുന്നുണ്ടോ എന്ന കാര്യം വ്യക്തമാക്കാമോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, ബഹുമാന്യനായ അംഗം പറഞ്ഞതുപോലെ രാജ്യത്തുതന്നെ ആദ്യമായിട്ടാണ് ഒരു ജില്ലാ ആശുപത്രിയിൽ അവയവമാറ്റ ശസ്ത്രക്രിയകൾ നടക്കുന്നത്. ഹാർട്ട് ട്രാൻസ്പ്ലാന്റേഷൻ എന്നത് ഏറ്റവും

സങ്കീർണമായ ചികിത്സയാണ്. എറണാകുളം ജനറൽ ആശുപത്രിയിൽ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ എട്ടാമത്തെയോ ഒൻപതാമത്തെയൊ ആണ് നടക്കാൻ പോകുന്നത്. ഈ ഉത്തരം സമർപ്പിച്ചതിനുശേഷം ഈ രംഗത്തുണ്ടായ ഒരു ഡെവലപ്മെന്റ് കൂടി ഈ സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. രാജ്യത്ത് ആദ്യമായി തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ കോർണിയൽ ട്രാൻസ്പ്ലാന്റ് നടന്നുകഴിഞ്ഞു. ശനിയാഴ്ച യാണ് അത് നടന്നത്. രോഗി സുഖം പ്രാപിച്ചുവരികയാണ്. ഇത് വളരെ വലിയൊരു മാറ്റമാണ്. കിഫ്ബിയിലൂടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയാണ് ഇത് സാധ്യമാക്കിയിട്ടുള്ളത്. ബഹുമാന്യനായ കൽപ്പറ്റ അംഗം പറഞ്ഞതുപോലെ അവയവമാറ്റ ശസ്ത്രക്രിയയ്ക്കുണ്ടാകുന്ന ചെലവ് വളരെ ഭാരമേറിയതാണ്. വലിയ സാമ്പത്തിക പ്രതിസന്ധി കുടുംബത്തിനും വ്യക്തികൾക്കും ഉണ്ടാകും. കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രിയയക്ക് സ്വകാര്യ ആശുപത്രികളിൽ 45-50 ലക്ഷം രൂപയാകുമെന്നുള്ളത് നമുക്കെല്ലാം അറിയാവുന്നതാണ്. അതിനൊരു പരിഹാരമെന്ന നിലയിലാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദേശപ്രകാരം സംസ്ഥാനത്ത് ആദ്യമായി കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രിയ 2022 ഫെബ്രുവരി മാസം 14-ാം തീയതി കോട്ടയം മെഡിക്കൽ കോളേജിൽ ആരംഭിച്ചത്. കേരളത്തിലെ ആരോഗ്യമേഖലയെ വളരെ

ആസൂത്രിതമായി ആക്രമിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളുടെ ഭാഗമായി സമൂഹമാധ്യമങ്ങളിലൂടെ ചില ദുഷ്പ്രചരണങ്ങൾ നടക്കുന്നതായി അറിയാൻ കഴിഞ്ഞു. ചെലവേറിയ ചികിത്സ സാധാരണ ജനങ്ങൾക്ക് സൗജന്യമായി നൽകുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് സ്വകാര്യ വൻകിട ആശുപത്രികളിൽ ഭീമമായ ചെലവ് വരുമ്പോൾ; കോട്ടയം മെഡിക്കൽ കോളേജിൽ നടന്ന പത്ത് ശസ്ത്രക്രിയകളിൽ ആദ്യത്തെ അഞ്ചും പൂർണമായും സൗജന്യമായാണ് നടത്തിയത്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ഈ ചികിത്സ പൂർണമായും സൗജന്യമായാണ് ലഭ്യമാക്കുന്നത്. സംസ്ഥാനത്ത് എവിടെയായാലും കാസ്പ് വഴി സൗജന്യ ചികിത്സ നൽകുന്നുണ്ട്. അതുകൂടാതെ സാമൂഹ്യനീതി വകുപ്പിന്റെ സോഷ്യൽ സെക്യൂരിറ്റി മിഷൻ വഴി അഞ്ച് ലക്ഷം രൂപവരെ സഹായം നൽകുന്നുമുണ്ട്. ഇതിലൊന്നും കവർ ചെയ്യപ്പെടാത്ത ആളുകൾക്ക് കോട്ടയം മെഡിക്കൽ കോളേജിൽ കരൾമാറ്റ ശസ്ത്രക്രിയ നടത്തിയപ്പോൾ 2-3 ലക്ഷം രൂപ വരെ സഹായം ലഭിച്ചിട്ടുണ്ട്. പൂർണമായും സൗജന്യമായോ മിതമായ നിരക്കിലോ ഈ ശസ്ത്രക്രിയകൾ ചെയ്തുകൊടുക്കുന്നതിനാണ് ശ്രമിച്ചിട്ടുള്ളത്. ഇപ്പോൾ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ സംബന്ധിച്ച കാര്യത്തിൽ, ശസ്ത്രക്രിയയുടെ ചെലവ് മാത്രമല്ല; ഹെലികോപ്റ്റർ ഉപയോഗിച്ച് ഹൃദയം ട്രാൻസ്പോർട്ട് ചെയ്യുന്നതിനും മുന്നൂറോളം സേനാപ്രവർത്തകർ

ഉൾപ്പെടെയുള്ള പോലീസ് സംവിധാനവും സജ്ജമാക്കി ക്രമീകരണങ്ങൾ നടത്തിയതിനാലാണ് ഇത് സാധ്യമാകുന്നത്. നമ്മുടെ സംസ്ഥാനത്തെ നിസ്സഹായരായ ജനങ്ങളെ ചേർത്തുപിടിച്ചുകൊണ്ടുതന്നെയാണ് ഈ സംവിധാനം മുന്നോട്ടുകൊണ്ടുപോകുന്നത്.

ശ്രീ. എ. സി. മൊയ്തീൻ: സർ, ധാരാളം രോഗികൾ അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കുവേണ്ടി കാത്തിരിക്കുന്നവരുണ്ട്. അവയവ ദാനത്തെ സംബന്ധിച്ചുള്ള ബോധവൽക്കരണത്തിനായി എന്തൊക്കെ പരിശ്രമങ്ങളാണ് നടത്തുന്നത്; ജീവിച്ചിരിക്കുമ്പോൾത്തന്നെ അവയവം ദാനം ചെയ്ത ആളുകളുടെ തുടർ ചികിത്സയ്ക്ക് ആവശ്യമായ മരുന്നിനും മറ്റ് കാര്യങ്ങൾക്കുമായി ഇൻഷ്വറൻസ് പരിരക്ഷയോ മറ്റെന്തെങ്കിലും സർക്കാർ സൗകര്യങ്ങളോ ലഭ്യമാണോ ?

ശ്രീമതി വീണാ ജോർജ്ജ്: സർ, കോടതിയിൽ നിലനിന്നിരുന്ന ചില കേസുകൾമൂലം മരണാനന്തര അവയവദാനത്തിൽ ഒരു പിന്നോട്ട് പോക്കുണ്ടായിരുന്നു. എന്നാൽ, ബഹുമാനപ്പെട്ട കോടതികൾതന്നെ ഇടപെട്ട്, മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനായി നീതിപൂർവമായ വിധികൾ ഈ വിഷയത്തിൽ പുറപ്പെടുവിച്ചിട്ടുണ്ട്. കേസുകൾ കാരണം പലപ്പോഴും ഡോക്ടർമാർക്ക് ബ്രെയിൻ ഡെത്ത് സർട്ടിഫൈ ചെയ്യാൻ ഭയമായിരുന്നു. പക്ഷേ

ഇപ്പോൾ ആ സ്ഥിതി മാറി. 2024-മായി താരതമ്യം ചെയ്യുമ്പോൾ മരണാനന്തര അവയവദാനം നടത്തുന്നതിലുള്ള സന്നദ്ധത സംസ്ഥാനത്ത് അൻപത്തിയാറ് ശതമാനം വർധിച്ചിട്ടുണ്ട്. മരണാനന്തര അവയവദാനം മൂലമുള്ള അവയവദാന ശസ്ത്രക്രിയകളും സംസ്ഥാനത്ത് നടക്കുന്നുണ്ട്. 'ജീവനേകാം ജീവനാകാം' എന്ന ആപ്തവാക്യത്തോടുകൂടി ഒരു വലിയ കാമ്പയിൻ ഇതിന്റെ ഭാഗമായി നടത്തിയിട്ടുണ്ട്. മരണാനന്തരം അവയവദാനം ചെയ്യുന്ന കുടുംബങ്ങളെ ആദരിക്കുകയും അവർക്ക് സർക്കാരിന്റെ സർട്ടിഫിക്കേഷൻ നൽകുകയും ചെയ്യുന്നുണ്ട്. അതോടൊപ്പം കൊച്ചിയിൽ ഇതിനായി ഒരു സ്മാരകം നിർമ്മിക്കുന്നതിനും കുടുംബാംഗങ്ങൾക്ക് അവിടെ സന്ദർശിക്കുന്നതിനുമുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ചോദിച്ച രണ്ടാമത്തെ പ്രധാനപ്പെട്ട കാര്യം, ട്രാൻസ്പ്ലാന്റ് കഴിഞ്ഞവർക്ക് എങ്ങനെയാണ് സർക്കാർ സപ്പോർട്ട് നൽകുന്നത് എന്നുള്ളതാണ്. ട്രാൻസ്പ്ലാന്റ് കഴിഞ്ഞ രോഗികൾക്കുള്ള വിലകൂടിയ മരുന്നുകൾ രാജ്യത്തുതന്നെ ഏറ്റവും കുറഞ്ഞ വിലയിൽ കാരുണ്യ സ്പർശം കൗണ്ടറുകൾ വഴി വിതരണം ചെയ്യുന്നതിന് സർക്കാർ തീരുമാനം എടുത്തിട്ടുണ്ട്. കാരുണ്യ സ്പർശം കൗണ്ടറുകൾ ആരംഭിച്ചത് ചെയ്തത് കാൻസർ മരുന്നുകൾ കൊടുക്കുന്നതിനായാണ്. രാജ്യത്ത് ഏറ്റവും കുറഞ്ഞ വിലയിൽ കാൻസർ മരുന്നുകൾ ലഭ്യമാകുന്ന സംസ്ഥാനമാണ് കേരളം. സീറോ പ്രോഫിറ്റ് കാൻസർ കൗണ്ടറുകളാണത്. ഇതേ

കൗണ്ടറുകളിലൂടെതന്നെ ട്രാൻസ്പ്ലാന്റ് കഴിഞ്ഞവർക്കുള്ള മരുന്നുകളും സബ്സിഡി നിരക്കിൽ ലഭ്യമാക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഉടൻതന്നെ അത് ആരംഭിക്കുകയും ചെയ്യും.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, കോഴിക്കോട് ആരംഭിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റേഷനിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എന്തെല്ലാം സേവനങ്ങളാണ് ആ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെട്ട് നൽകാൻ ഉദ്ദേശിക്കുന്നത്?

ശ്രീമതി വീണാ ജോർജ്ജ്: സർ, സംസ്ഥാനത്തിന്റെ ഒരു സ്വപ്ന പദ്ധതിയാണ് കോഴിക്കോട് ആരംഭിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ കിഫ്ബിയിലൂടെ 643.88 കോടി രൂപ ഇതിനുവേണ്ടി അനുവദിച്ചിട്ടുണ്ട്. ചേവായൂരിലാണ് ഇതിനുവേണ്ടിയുള്ള നിർമ്മാണം ആരംഭിക്കുന്നത്. അറുപത് ഡോക്ടർമാരുടെ തസ്തിക ഇതിനായി സൃഷ്ടിച്ചിട്ടുണ്ട്. അവയവമാറ്റ ശസ്ത്രക്രിയകൾ/അവയവസ്തംഭനവുമായി ബന്ധപ്പെട്ടുള്ള ചികിത്സയും ഗവേഷണവും എന്നീ രണ്ട് കാര്യങ്ങളാണ് അവിടെ ഉദ്ദേശിക്കുന്നുണ്ട്. രാജ്യത്തിനുതന്നെ നമ്മൾ നൽകുന്ന ഏറ്റവും വലിയ സംഭാവനകളിൽ ഒന്നായിരിക്കും സംസ്ഥാനത്തെ ഏറ്റവും മികച്ച സ്ഥാപനങ്ങളിൽ

ഒന്നായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ, കോഴിക്കോട് എന്ന സ്ഥാപനം.

ശ്രീ. കെ. വി. സുമേഷ്: സർ, സർക്കാർ ആശുപത്രികളിൽ നടത്തുന്ന അവയവമാറ്റ ശസ്ത്രക്രിയ സംസ്ഥാനത്തിന് വലിയ അംഗീകാരമാണ് നേടിത്തന്നിരിക്കുന്നത്. ഞാൻ അതിനെ പ്രത്യേകമായി അഭിനന്ദിക്കുന്നു. അവയവമാറ്റ ശസ്ത്രക്രിയ നടത്തുന്നതിന് സ്വകാര്യ ആശുപത്രികൾക്ക് ലൈസൻസ് നൽകുന്നതിന് പ്രത്യേക ഫീസ് ഏർപ്പെടുത്തിയിട്ടുണ്ടോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആന്റ് ടിഷ്യൂസ് ആക്റ്റ് പ്രകാരമാണ് ഈ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഇതിനാവശ്യമായ മാനദണ്ഡങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്നത് ഒരു എക്സ്പേർട്ട് കമ്മിറ്റി പരിശോധിച്ചതിനുശേഷമാണ് ഓരോ സ്ഥാപനങ്ങൾക്കും ലൈസൻസ് കൊടുക്കുന്നത്. ആദ്യ തവണ ലൈസൻസ് എടുക്കുന്നതിന് ഏകദേശം 12,500 രൂപയാണ് ഫീസ് നിശ്ചയിച്ചിരിക്കുന്നത്. പിന്നീട് കൃത്യമായ ഇടവേളകളിൽ അതായത് അഞ്ച് വർഷം കഴിഞ്ഞ് വീണ്ടും ഈ പരിശോധനകൾ നടത്തി ലൈസൻസ് പുതുക്കി നൽകും. അതിന് 6,500 രൂപയാണ് ഇടാക്കുന്നത്. സർക്കാർ ആശുപത്രികൾക്കും ഇത് ബാധകമാണ്. കെ-സോട്ടോ (Kerala State

Organ and Tissue Transplant Organisation)-യുടെ ഈ പരിശോധന കഴിഞ്ഞ് ലൈസൻസ് എടുത്തിട്ടാണ് എറണാകുളം ജനറൽ ആശുപത്രിയിൽ ട്രാൻസ്പ്ലാന്റേഷൻ ശസ്ത്രക്രിയ ചെയ്യുന്നത്. പരിശോധനകൾ കർശനമായി നടത്തിയാണ് ലൈസൻസ് നൽകുന്നത്.

(ചോദ്യോത്തരസമയം കഴിഞ്ഞു)